നം.കെഎസ്എ.കെടിഎം.പി.**12/76/2019**
തീയതി **15.02.2019**

## കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.04.2017മുതൽ 31.03.18 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 22.01.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.01.2019 മുതൽ 22.01.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി മായ ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഇന്ദുലേഖ എ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. സുനിത എം.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. സ്മിത റ്റി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.രാജഗോപാൽ ആർ. | 1.04.2017-31.03.2018 |
| സെക്രട്ടറി | ശ്രീ.എബ്രഹാം മാത്യു | 1.04.2017-03.08.2017 |
| | ശ്രീമതി.രേണുകാദേവി അമ്മാൾ | 04.08.2017-29.11.17 |
| | ശ്രീ.സലിമോൻ. കെ.ബി.<br>അസി.സെക്രട്ടറി I/C | 30.11.2017-02.02.18 |
| | ശ്രീമതി.സുപ്രഭ.എസ്. | 03.02.2018-31.03.2018 |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. നീതു സോളമൻ | 1.04.2017-12.06.2017 |

| | | |
|---|---|---|
| | ശ്രീമതി.ഷീബ തോമസ് | 13.06.2017-26.07.2017 |
| | ശ്രീമതി.ബീന വർഗ്ഗീസ് | 27.07.18-09.10.17 |
| | ശ്രീ.പ്രസന്നകുമാർ ആർ | 10.10.17-31.03.2018 |
| വെറ്ററിനറി സർജൻ | ഡോ.ജിജേഷ് കുമാർ | 1.04.2017-31.03.2018 |
| വി.ഇ.ഒ | ശ്രീ.ഉണ്ണികൃഷ്ണൻ(കുറിച്ചി സർക്കിൾ)<br>ശ്രീ.രതീഷ് .സി.ആർ(മലകുന്നം സർക്കിൾ) | 1.04.2017-31.03.2018 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ.രശ്മി ജി. | 01.04.2017-31.03.2018 |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | ഡോ.ശ്രീജിത്ത് | 01.04.2017-31.03.2018 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.വിജയലക്ഷ്മി | 01.04.2017 -03.04.17 |
| | ശ്രീമതി. വിബിത സോമൻ | 4.04.17-31.11.17 |
| | ശ്രീമതി. അജ്ഞലി അരവിന്ദ് | 01-12.17-13.02.18 |
| | ശ്രീമതി. അനിഷ ആർ. | 14.02.18-31.03.2018 |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി. ദീപ.ഡി.റ്റി | 01.04.2017-31.03.2018 |
| ഡയറി ഫാം ഇൻസ്ട്രക്റ്റർ. | ശ്രീമതി. ജയലക്ഷ്മി | 01.04.2017-31.03.2018 |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.ബീനാഭായ് | 01.04.2017-31.03.2018 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.സുപ്രഭ എസ്. | 1.04.2017-10.07.2017 |
| | 11.07.2017 മുതൽ 13.08.17 വരെ ആർക്കും ചാർജ് നൽകിയിരുന്നില്ല | |
| | ശ്രീ.സലിമോൻ കെ.ബി. | 14.08.17-31.03.2018 |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പെയ്മെന്റ് അക്കൗണ്ട് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പുപദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണസംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കിലെ അപാകതകൾ |

| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
|---|---|
| 2-1 | ചെക്ക് മുഖേനയുള്ള വരവുകൾ യഥാസമയം ക്ലിയർ ചെയ്യുന്നില്ല. |
| 2-2-1 | അടിസ്ഥാനനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല |
| 2-2-2 | മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല. |
| 2-2-3 | വസ്തുനികുതി ഈടാക്കിയതിന്റെയും ക്രമവൽക്കരണത്തിന്റെയും വിശദാംശങ്ങൾ ലഭ്യമല്ല. |
| 2-2-4 | കെട്ടിടങ്ങളുടെ ഉപയോഗക്രമം നിശ്ചയിച്ചതിൽ അപാകത |
| 2-3-1 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല |
| 2-3-2 | കെട്ടിടം ക്രമവൽക്കരിച്ച് നൽകിയതിൽ അപാകത |
| 2-4 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് |
| 2-5 | വാടക കുടിശ്ശിക ഈടാക്കിയതിന്റെ രേഖകൾ ലഭ്യമല്ല |
| 2-6 | ഇ-ടെണ്ടർ ഫോം വില ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല |
| 2-7 | വിവിധോദ്ദേശ/സംയുക്ത പ്രോജക്ടുകൾക്കായി ലഭ്യമാക്കിയ ഗ്രാന്റുകൾ-ചെലവഴിക്കാതെ അവശേഷിക്കുന്നു |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | വാട്ടർ കിയോസ്ക് – പ്ലാറ്റ് ഫോമും പൈപ്പ്ലൈനും സ്ഥാപിക്കൽ പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ |
| 3-2 | കമ്പ്യൂട്ടറുകളുടെ വാർഷിക മെയിന്റനൻസ് – ഫയലുകളും അനുബന്ധരേഖകളും ഹാജരാക്കിയില്ല -ചെലവു തുക തടസ്സപ്പെടുത്തുന്നു |
| 3-3 | പദ്ധതിരൂപീകരണം – അനുബന്ധരേഖകൾ ലഭ്യമാക്കിയിട്ടില്ല |
| 3-4 | ജലനിധി പദ്ധതി-ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ് |
| 3-5 | പൊതുടാപ്പുകൾ-സംയുക്ത പരിശോധന നടത്തിയിട്ടില്ല-വെള്ളക്കരമിനത്തിലെ പാഴ്ചെലവ് ഒഴിവാക്കണം |
| 3-6 | ഡാറ്റാ എൻട്രി വർക്ക് – ദിവസവേതനാടിസ്ഥാനത്തിൽ ഒരേസമയം 3 ജീവനക്കാരെ നിയമിച്ചു |
| 3-7 | സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ – ദിവസവേതനം നൽകിയത് ക്രമപ്രകാരമല്ല |
| 3-8 | പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല-തൻവർഷ പ്രോജക്ടുകൾക്കായുള്ള വിഹിതത്തിൽ കുറവ് വരുന്നു |
| 3-9 | ഗുണഭോക്തൃസമിതി വഴിയുള്ള നിർമ്മാണപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല |
| 3-10 | റോഡ് റീടാറിംഗ് പ്രവൃത്തികൾ-ബാരൽവില ഈടാക്കിയില്ല |
| 3-11 | അങ്കണവാടി പുനരുദ്ധാരണം-ടാങ്കിലേക്ക് വാട്ടർകണക്ഷൻ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണം |
| 3-12 | നെൽകൃഷി വികസനം – അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല |

| | |
|---|---|
| 3-13 | വീട് വാസയോഗ്യമാക്കൽ - പ്രോജക്ട് നിർവ്വഹണത്തിൽ അപാകത |
| 3-14 | പ്രോജക്ടുകൾ വാങ്ങൽ - നടപടിക്രമങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 3-15 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവുതുകം തടസ്സപ്പെടുത്തുന്നു |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |



# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2017 -18 വർഷത്തെ ബജറ്റ് 22.03.17തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം | വ്യത്യാസം കൂടുതൽ/കുറവ് | | ശതമാനം (+/-) |
|---|---|---|---|---|---|
| മുന്നിരിപ്പ് | 23125429.93 | 30501731.53 | | -7376301.6 | -31 |
| വരവ് | 140003499.7 | 97034255.55 | +42969244.2 | | +30 |
| ആകെ | 163128929.63 | 127535987.08 | +35592942.6 | | +21 |
| ചെലവ് | 158323000 | 87603683 | +70719317 | | +44 |
| നീക്കിയിരിപ്പ് | 4805929.63 | 39932304.08 | +35126374.45 | | +730 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർത്ഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൂടാതെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതിന്റെ വിവരങ്ങളുമില്ല. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിൽ നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ലയെന്ന് വ്യക്തമാകുന്നു.

കൂടാതെ സ്ഥാപനത്തിന്റെ വരുമാനം വർധിപ്പിക്കാനതകം വിധം പുതിയ നികുതി നിർദേശങ്ങളോ, നിലവിലെ നികുതി ഘടനയിൽ മാറ്റങ്ങളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിർദേശിക്കുകയോ ചർച്ച ചെയ്യുകയോ ഉണ്ടായില്ല. ബജറ്റിൽ നിർദേശിക്കാത്ത ഇനം സംബന്ധിച്ചും, നിർദേശിച്ചതിൽ അധികരിച്ചചെലവ് സംബന്ധിച്ചും പരിശോധിക്കുന്നതിന് ബജറ്റും, അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ കഴിഞ്ഞിട്ടില്ല.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുമായി മെച്ചപ്പെട്ട ഏകോപനം ഉണ്ടാക്കുകയും ചെയ്ത് ബജറ്റ് തയാറാക്കുന്നതിൽ ശാസ്ത്രീയതയും യാഥാർത്ഥ്യവും ഉറപ്പാക്കാവുന്നതാണ്. സാംഖ്യയും ബജറ്റും തമ്മിലുള്ള സംയോജനം സാദ്ധ്യമാക്കി ബജറ്റിലില്ലാത്തതും അധികരിച്ചതുമായ ചെലവുകൾ ഒഴിവാക്കാവുന്നതുമാണ്.

വകുപ്പ് 214(5) പ്രകാരം പഞ്ചായത്ത് ഒരു വർഷത്തിനിടയ്ക്ക് അതിന്റെ വരവിനേയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ പ്രവൃത്തികൾക്കുള്ള ചെലവിനേയോ സംബന്ധിച്ച് ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നവെങ്കിൽ, സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകമോ പുതുക്കിയതോ ആയ ഒരു ബഡ്ജറ്റ് തയ്യാറാക്കി, അനുവാദത്തിനു വേണ്ടി പഞ്ചായത്തിന്റെ മുൻപാകെ വച്ച് അംഗീകാരം വാങ്ങണം. വാർഷിക ബജറ്റ് പുതുക്കിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 08.05.2018 | ---- | ----- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-2018 | 13.06.18&14,06,18 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 23.06.2018ലെ കെ.എസ്.എ.കെ.ടി.എം പി12/1135/18 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം ( റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 30501731.53 |
| വരവ് | 97034255.55 |
| ആകെ | 127535987.08 |
| ചെലവ് | 87603683 |
| നീക്കിയിരിപ്പ് | 39932304.08 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 0 | 20777090 | 20777090 | 12351178 | 8425912 | 54 |
| വികസനഫണ്ട്(എസ്.സി.പി.) | 0 | 15584000 | 15584000 | 7983048 | 7600952 | 51 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 878400 | 878400 | 125000 | 753400 | 14.26 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10278096 | 10278096 | 6908177 | 3369919 | 67 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5679417 | 5679417 | 3871235 | 1808182 | 68 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11587307 | 11587307 | 6284251 | 5303056 | 54 |
| കെ.എൽ.എസ്.ജി.പി.ഡി. | 0 | -- | -- | -- | -- | -- |
| എംജിഎൻആർഇജിഎസ് | 24173 | 8864669 | 8888842 | 8875230.5 | 13611.50 | -- |
| എസ്.ബി.ടി. (ഐ.സി.ഡി.എസ്) | 1434175 | 1017889 | 2452064 | 229368 | 2222696 | -- |

| | | | | | | |
|---|---|---|---|---|---|---|
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ. | 0 | 2050000 | 2050000 | 2023460 | 26540 | -- |

## 1-6 പദ്ധതി അവലോകനം

13-ാം പഞ്ചവത്സര പദ്ധതിയുടെ (2017-18 മുതൽ 2021-22) ആദ്യവാർഷികപദ്ധതിയാണ് 2017-18 ലേത്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യമായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത് പദ്ധതി കാലയളവിനുള്ളിൽ കേരളത്തെ സാമ്പത്തികവളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുക, സാമൂഹ്യനീതി, പരിസ്ഥിതിസുരക്ഷ എന്നിവയുടെ ഉത്തമ മാതൃകയായി മാറ്റുക എന്നിവയാണ്. ടി ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 13-ാം പദ്ധതിയിലെ ആദ്യവാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 9-1-2017ലെ സർക്കാർ ഉത്തരവ് (എം.എസ്)10/2017 ആയി പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതി ആസൂത്രണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിരുന്നു.

ടി ഉത്തരവിലെ നിർദ്ദേശ പ്രകാരം പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 3/2017 ൽ 12 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ ചേരുകയും ചെയ്തു. അവസ്ഥാരേഖ (സ്റ്റാറ്റസ് റിപ്പോർട്ട് )പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തയ്യാറാക്കിയ കരട് പ്രോജക്ടുകൾ 4/2017 ൽ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 15-5-2017 ൽ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തതായി കാണുന്നു. കൂടാതെ പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷികപദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദേശങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 29-3-17ലെ 72/2017 നമ്പർ ഉത്തരവിന്റെ അനുബന്ധം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചുമതലകൾ നിർവ്വഹിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ് ബുക്കുകളിലോ, പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകളിലോ ഉൾപ്പടുത്തിയിട്ടില്ല . പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20-5-2017 ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2017-18 വാർഷികപദ്ധതിക്ക് അംഗീകാരം നല്കി.

ഈ വാർഷിക പദ്ധതിയ്ക്ക് താഴെ പ്രതിപാദിക്കും പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

അംഗീകാര നം./തീയതി -490/17-/DPC/DPO/KTM തീയതി 27.03.2018

ആകെ അടങ്കൽ--82302538/- രൂപ

വിവിധ മേഖലകളിലെ വകയിരുത്തലും ചെലവു വിവരവും

| ക്രമ നം. | മേഖല | അംഗീകാരം ലഭിച്ചത് | നടപ്പിലാക്കിയ പദ്ധതികൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| ജനറൽ | ഉത്പാദനം | 15 | 12 | 13500574 | 7054400 | 52 |
| | സേവനം | 77 | 40 | 32555563 | 13943231 | 43 |
| | പശ്ചാത്തലം | 81 | 67 | 18756901 | 13083052 | 70 |
| എസ്.സി.പി | ഉത്പാദനം | 4 | 2 | 816000 | 348000 | 43 |
| | സേവനം | 15 | 10 | 15794400 | 7851623 | 50 |
| | പശ്ചാത്തലം | -- | -- | -- | -- | |
| റ്റി.എസ്.പി | ഉത്പാദനം | -- | -- | -- | -- | |
| | സേവനം | 7 | 4 | 879100 | 125300 | 14 |
| | പശ്ചാത്തലം | -- | -- | -- | -- | |
| | ആകെ | 199 | 135 | 82302538 | 42405606 | 52 |

ആകെ 135 പ്രോജക്ടുകൾ നടപ്പിലാക്കി. അംഗീകാരം ലഭിച്ച 64 പ്രോജക്ടുകൾ ഉപേക്ഷിച്ചു. 52 ശതമാനമായിരുന്നു ചെലവ്. എസ്.സി.പി ഫണ്ട് വിഹിതം പശ്ചാത്തല മേഖലയിലും റ്റി.എസ്.പി ഫണ്ട് വിഹിതം ഉത്പാദന-സേവനമേഖലയിലും വകയിരുത്തിയിട്ടില്ല. ചെലവ് ശതമാനം ഉയർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും

അംഗീകാരം ലഭിച്ച 135 പദ്ധതികളുടെ നിർവ്വഹണത്തിന് താഴെ പ്രതിപാദിക്കും പ്രകാരം 11 നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതികളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 7 | 7 | 7283840 | 5597400 | 77 |
| 2. | വെറ്ററിനറി സർജൻ | 5 | 5 | 3312000 | 1169000 | 35 |
| 3. | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി. | 5 | 4 | 750000 | 585345 | 78 |
| 4. | വി.ഇ.ഒ. , കുറിച്ചി | 5 | 4 | 10735666 | 2882677 | 27 |
| 5. | മെഡിക്കൽ ഓഫീസർ – ആയുർവേദം | 3 | 3 | 1260000 | 1260000 | 100 |
| 6. | വി.ഇ.ഒ., മലകുന്നം | 5 | 3 | 5770000 | 1233093 | 21 |
| 7. | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 9 | 6 | 9220751 | 4841772 | 53 |
| 8. | സെക്രട്ടറി | 18 | 8 | 3026661 | 1581938 | 52 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 114 | 76 | 27663220 | 15112207 | 55 |
| 10. | അസിസ്റ്റന്റ് സെക്രട്ടറി | 24 | 16 | 11872400 | 6919454 | 58 |
| 11. | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 600000 | 600000 | 100 |
| 12 | ഹെഡ്മിസ്ട്രസ് | 3 | 2 | 808000 | 622720 | 78 |
| | ആകെ | 199 | 135 | 82302538 | 42405606 | 52 |

കാർഷികമേഖലയിൽ നെൽകൃഷി വികസനം, നെൽകൃഷിയ്ക്ക് കൂലിചെലവ്, മൂന്ന് പാടശേഖരങ്ങൾക്ക് പെട്ടി, പറ വാങ്ങൽ എന്നീ പ്രോജക്ടുകളാണ് കൃഷിഓഫീസർ നടപ്പിലാക്കിയത്. പ്രോജക്ട് കാര്യക്ഷമമായി നിർവഹിച്ചതായി ഇതുസംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ വ്യക്തമായിട്ടുണ്ടെങ്കിലും പാടശേഖരങ്ങൾക്ക് പെട്ടി, പറ നൽകിയപ്പോൾ പദ്ധതിമാർഗ്ഗരേഖയിൽ സൂചിപ്പിയ്ക്കും പ്രകാരം പെട്ടി, പറയുടെ അറ്റകുറ്റപണി നടത്തുന്നതിനും , സംരക്ഷിയ്ക്കുന്നതിനും പാടശേഖരസമിതിയുമായി കരാർ ചമയ്ക്കാതിരുന്നത് പദ്ധതി നിർവ്വഹണത്തിലെ അപാകതയാണ്. എന്നാൽ കാർഷികമേഖലയുടെ ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി പ്രോജക്ടുകളുടെ നിർവ്വഹണ മോണിട്ടറിംഗ് പ്രക്രിയകളിൽ ഫലപ്രദമായി ഇടപെട്ടതിന്റെ വിവരങ്ങളില്ല.

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, പെണ്ണാട്, മുട്ടക്കോഴി എന്നിവയുടെ വിതരണം തുടങ്ങി വികസനകാര്യ

സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളാണ് വെറ്ററിനറിസർജൻ നിർവ്വഹണം നടത്തിയത്. കൂടാതെ പേവിഷബാധ നിയന്ത്രണം, മൃഗാശുപത്രിയ്ക്ക് മരുന്നുവാങ്ങൽ തുടങ്ങിയ പ്രോജക്ടുകളും നടപ്പിലാക്കി.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പാലിയേറ്റീവ് പരിചരണ പ്രോജക്ട് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. കാര്യക്ഷമമായി നടപ്പാക്കിവരുന്നു. എന്നാൽ 2015 ലെ പാലിയേറ്റീവ് പരിചരണ മാർഗരേഖ നിർദേശിച്ച വിധം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവ രൂപീകരിച്ച് യഥാസമയം യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. സ്ഥാപനതലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആരോഗ്യപ്രവർത്തനമെന്നനിലയിൽ ഈ പ്രോജക്ടിന് അർഹിക്കുന്ന പ്രാധാന്യം ഉറപ്പുവരുത്താൻ ഭരണസമിതിയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധ പുലർത്തുന്നുണ്ട്.

എസ്.സി, പൊതു വിഭാഗങ്ങളിൽപെട്ട ഗുണഭോക്താക്കൾക്കായി വീടുകളുടെ ഗുണമേന്മാ വർദ്ധനവ്, പട്ടികവർഗ വിഭാഗത്തിനുള്ള ഭവനപുനരുദ്ധാരണം എന്നീ വികസനകാര്യ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളും, മഴവെള്ളസംഭരണി, ഗാർഹികബയോഗ്യാസ് പ്ലാന്റ് തുടങ്ങി ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളും വി.ഇ.ഒ.യാണ് നടപ്പാക്കിയത്.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ ഉൾപ്പെട്ട അങ്കണവാടി അനുപൂരക പോഷകാഹാരം, ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്, തുടങ്ങിയ പ്രോജക്ടുകൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കി. അങ്കണവാടികളുടെ മോണിട്ടറിംഗ് & വെൽഫയർ കമ്മിറ്റി യോഗ മിനിറ്റ്സ് പരിശോധിച്ചതിൽ അങ്കണവാടികളുടെ പ്രവർത്തനവും പോഷകാഹാരവിതരണവും സംബന്ധിച്ച വിലയിരുത്തൽ നടക്കുന്നതായി കാണപ്പെട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളിൽ അങ്കണവാടികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യപ്പെട്ട് പ്രോജക്ട് നിർദ്ദേശങ്ങൾ ഉണ്ടാവുകയും അങ്കണവാടികളുടെ മെയിന്റനൻസിന് 8 പ്രോജക്ടുകൾ തയ്യാറാക്കുകയും ചെയ്തു. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യമായ ഇടപെടലുകൾ അങ്കണവാടിയുടെ ദൈനംദിനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നുണ്ടെന്ന് അങ്കണവാടികളിൽ നടത്തിയ ഭൗതിക പരിശോധനയിൽ ഓഡിറ്റ് ടീമിന് ബോദ്ധ്യപ്പെട്ടു.

ഓഡിറ്റ വർഷം ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി സചിവോത്തമപുരം യു.പി.സ്കൂളിൽ നടപ്പിലാക്കിയ സ്മാർട്ട് ക്ലാസ് റൂം എന്ന പ്രോജക്ട് ശ്രദ്ധേയമായിരുന്നു. എസ്.എസ്.എ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് സ്കൂളുകളിൽ പരിശോധന നടത്തുന്നതിന് ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റി ജനറൽ കമ്മിറ്റിക്ക് ശുപാർശ നല്കിയെങ്കിലും പരിശോധന നടത്തിയില്ല.

ധനകാര്യം,വികസനം, ആരോഗ്യ-വിദ്യാഭ്യാസം, ക്ഷേമകാര്യം ഉൾപ്പെടെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ചുമതലകളിൽപെട്ട പ്രോജക്ടുകൾ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം നേടിയിരുന്നു. ഐ.കെ.എം പ്രവർത്തന ഫണ്ട്, എസ്.എസ്.എ വിഹിതം നൽകൽ, തെരുവ് വിളക്കുകൾ മെയിന്റനൻസ്. കിയോസ്ക് പ്ലാറ്റ് ഫോം സ്ഥാപിക്കൽ, കമ്പ്യൂട്ടറുകളുടെ വാർഷിക മെയിന്റനൻസ് തുടങ്ങിയ പ്രോജക്ടുകളായിരുന്നു സെക്രട്ടറി നടപ്പിലാക്കിയത്. ഫയൽ സൂക്ഷിപ്പും പ്രോജക്ട് നിർവ്വഹണവും അപാകതകൾ നിറഞ്ഞതായിരുന്നു.

പട്ടികജാതി, പട്ടികവർഗവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പ്രോജക്ടുകളാണ് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ചത്. ടി പ്രോജക്ടുകൾ പൊതുവെ അപാകതകളില്ലാതെ നടപ്പാക്കിയിട്ടുണ്ട്.

പൊതുമരാമത്ത് പ്രവൃത്തികൾ- ആസൂത്രണവും പദ്ധതി നടത്തിപ്പും സംബന്ധിച്ച്

കേരള പഞ്ചായത്ത് രാജ് നിയമം 162 എ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ചുമതലയിൽ വരുന്നതാണ്. ഈ മേഖലയിൽ 2017-18 വർഷത്തിൽ പദ്ധതി ആസൂത്രണം ചെയ്തതിന്റെയും നടപ്പിലാക്കിയതിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതു മുതൽ പൂർത്തിയാകുന്നതു വരെ മോണിറ്റർ ചെയ്യുന്നത് പദ്ധതി നടത്തിപ്പിലെ അപാകതകളും പോരായ്മകളും പരിഹരിക്കുന്നതിനും പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനും സഹായിക്കുന്നു. വർക്കിങ്ങ് ഗ്രൂപ്പുകളിലൂടെ പദ്ധതി മോണിറ്ററിങ്ങ് നടത്തി റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ട ചുമതല വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയിൽ നിക്ഷിപ്തമാണ്. ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളിൽ പദ്ധതി വിലയിരുത്തൽ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്തിൽ തൻ വർഷം പൊതുമരാമത്ത് മേഖലയിൽ 114 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും 76 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. 2,76,63,220/- രൂപ വകയിരുത്തിയതിൽ 1,51,12,207/- രൂപ ചെലവഴിച്ചിട്ടുണ്ട്

(55%). സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ആവശ്യകതയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ കൃത്യമായ പ്ലാനിങ്ങിലൂടെയല്ലാതെ പദ്ധതികൾ നടപ്പിലാക്കിയതിനാൽ പദ്ധതിപണം പഞ്ചായത്തിന്റെ വികസനത്തിന് ഉപയോഗിക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

പശ്ചാത്തല മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ പഞ്ചായത്തിന്റെ ചുമതലാ നിർവ്വഹണത്തിന് മുൻതൂക്കം നൽകേണ്ടതാണ്. തയ്യാറാക്കിയ 114 പ്രവൃത്തികളിൽ 80% പ്രവൃത്തികളും റോഡ് വികസനത്തിനായുള്ളതാണ്. ഇതിൽ തന്നെ ഫണ്ട് വാർഡ് തലത്തിൽ വിഭജിച്ച് ചെറിയ ചെയിനേജുകളിൽ കൃത്യമായ കണക്റ്റിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കിയതായി കാണുന്നു. ഇത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. ഒൻപത് അങ്കണവാടികളിൽ നവീകരണപ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

ആസൂത്രണ സമിതിയും വർക്കിങ്ങ് ഗ്രൂപ്പുകളും തയ്യാറാക്കുന്ന വികസനരേഖ ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ മുഖ്യ വികസന പ്രശ്നങ്ങൾ പ്രതിഫലിക്കുന്നത് ഗ്രാമസഭയിലാണ്. ഗ്രാമ സഭ, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ നിന്നുള്ള പല നിർദ്ദേശങ്ങളും പദ്ധതികളിൽ പ്രതിഫലിച്ചിട്ടില്ല.

പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും സർക്കാർ മാർഗരേഖയിലെ നിർദേശങ്ങൾ കൃത്യമായി ഉൾക്കൊണ്ട സമീപനം സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭാഗത്ത് നിന്ന് ഉണ്ടായിരുന്നില്ല.

എന്നിരിക്കിലും നടപ്പിലാക്കിയ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികവളർച്ച, സാമൂഹ്യനീതിവ്യവസ്ഥ തുടങ്ങിയവയ്ക്ക് ഒരുപരിധിവരെ ഉത്തേജനമായിട്ടുണ്ട്.

## 1-7 തൊഴിലുറപ്പുപദ്ധതി

ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി 20 ലേബർ ഗ്രാമസഭകൾ കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 1181 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 152 പ്രോജക്ടുകളിൽ 58 എണ്ണം തൻവർഷം നടപ്പിലാക്കി. 2017-18 വർഷം 25857 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1033 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ജലസേചന കനാൽ, മഴക്കുഴി നിർമ്മാണം, തോട് ആഴം കൂട്ടൽ എന്നീ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2017-18 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കരിച്ചി ശാഖയിലെ 67060009709 അക്കൗണ്ടിലൂടെയാണ് തൊഴിലുറപ്പ് ഫണ്ടിന്റെ വിനിമയം നടത്തുന്നത്.

സാമ്പത്തികനില (ക്യാഷ്ബുക്ക് പ്രകാരം)

| ഇനങ്ങൾ | തുക | ആകെ തുക |
|---|---|---|
| മുന്നിരിപ്പ് | 24173 | |
| വരവ് | | |
| ഇ.എഫ് .എം.എസ് വരവ് | 8377120 | |
| ഭരണപരമായ ചെലവുകൾ | 486000 | |
| ബാങ്ക് പലിശ | 1549 | |
| ആകെ | | 8888842 |
| ചെലവ് | | |
| ലേബർ ഇൻസെന്റീവ് | 6769409 | |
| മെറ്റീരിയൽ കോസ്റ്റ് | 1607711 | |
| അഡ്മിനിസ്ട്രേഷൻ കോസ്റ്റ് | 0 | |
| ശമ്പളം | 497500 | |
| മറ്റിനങ്ങൾ | 610.5 | |
| ആകെ | | 8875230.5 |
| നീക്കിയിരിപ്പ് | | 13611.5 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 151 | 90240 |
| കർഷകതൊഴിലാളി പെൻഷൻ | 3104 | 9208800 |
| വിധവാപെൻഷൻ | 3620 | 11145000 |
| വാർദ്ധക്യകാലപെൻഷൻ | 7057 | 26763000 |
| വികലാംഗപെൻഷൻ | | - |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 73 | 290600 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന-15.01.2019 തീയതിയിൽ 2:45 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 5626/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തയതിൽ നിന്നും ബോധ്യപ്പെടുന്നു. കണക്കു സൂക്ഷിപ്പ്, വരുമാനം കണക്കാക്കലും പിരിച്ചെടുക്കലും, ചെലവുകൾ വഹിക്കുന്ന രീതി, പ്രവർത്തനങ്ങളുടെ സ്ഥാപനതല വിലയിരുത്തൽ എന്നീ തലങ്ങളിൽ പോരായ്മകൾ നിലനില്ക്കുന്നുണ്ട്. സ്ഥാപനത്തിന്റെ വരുമാനത്തെയും, നിയമപരമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിലെ കാര്യക്ഷമതയെയും പ്രതികൂലമായി ബാധിക്കുന്ന പോരായ്മകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

സ്ഥാപനത്തിലെ ജീവനക്കാരുടെ ചുമതലകൾ വിശദമായ ഓഫീസ് ഉത്തരവ് മുഖേന വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിലും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ജീവനക്കാരിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നുണ്ടോ എന്നത് നിരീക്ഷിക്കുന്നില്ല. പദ്ധതി നിർവ്വഹണത്തിലും (ഖണ്ഡിക 1-6 -ൽ സൂചിപ്പിച്ചിട്ടുണ്ട്.) മോണിറ്ററിംഗിലും സ്റ്റാന്റിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും ജാഗ്രതയോടെ പ്രവർത്തിക്കുന്നില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും ശ്രദ്ധ പതിപ്പിച്ചിട്ടില്ല. ചെലവഴിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.

<u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>

ഗ്രാമപഞ്ചായത്തിന്റെ വരവുചെലവു കണക്ക് സൂക്ഷിപ്പും രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പും തൃപ്തികരമല്ല. വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പുകൾ വേർതിരിച്ച് സൂക്ഷിച്ചിട്ടില്ല. വരവുകളും ചെലവുകളും കൃത്യമായി അക്കൗണ്ടു ചെയ്യപ്പെടുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടില്ല. സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുന്ന ബിൽ രജിസ്റ്റർ, ചെക്ക്&ഡ്രാഫ്‌ററ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടുണ്ടെങ്കിലും അഡ്വാൻസ് രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ ഡി.സി.ബി.ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, നികുതി അസ്സസ്സ്മെന്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് അത്യാവശ്യമായി സൂക്ഷിക്കേണ്ടതായ സ്യൂട്ട് രജിസ്റ്റർ 2015 ന് ശേഷം യാതൊരുവിധ രേഖപ്പെടുത്തലുകളും നടത്തിയിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട കേസുകളുടെ നിലവിലെ സ്ഥിതി അറിയാൻ കഴിയുന്നില്ല. കൂടാതെ വക്കീൽ ഫീസ് നൽകിയതിന്റെ കൃത്യമായ വിവരവും ലഭ്യമല്ല. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

<u>നികുതി/നികുതിയേതരവരവുകൾ</u>

കെട്ടിട നിർമ്മാണ പെർമിറ്റ് നല്കുന്നത് പെർമിറ്റ് രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും പെർമിറ്റ് പ്രകാരമുള്ള കെട്ടിടങ്ങൾ

നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നുണ്ടോ, അല്ലാത്തപക്ഷം പുതുക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നില്ല. കെട്ടിടങ്ങളുടെ പൂർത്തീകരണം പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ക്രമവൽക്കരണരജിസ്റ്റർ, അനധികൃത കെട്ടിടനിർമ്മാണരജിസ്റ്റർ എന്നിവ സൂക്ഷിയ്ക്കുന്നില്ല. സ്ഥാപനത്തിന്റെ പെർമിറ്റ് രജിസ്റ്റർ കൈകാര്യം ചെയ്യുന്നതും നികുതി നിർണ്ണയം നടത്തുന്നതും ഒരേ സെക്ഷനാണ്. നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങളുടെയെല്ലാം തന്നെ നികുതിനിർണ്ണയിക്കപ്പെട്ടവയാണെന്ന് ഉറപ്പ് വരുത്തുന്നില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുണ്ടെങ്കിലും വസ്തുനികുതിയിനത്തിൽ ഓഡിറ്റ് വർഷം വൻതുക കുടിശ്ശികയായി അവശേഷിയ്ക്കുന്നു. മറ്റു വരവിനങ്ങളുടെയും കാര്യത്തിൽ വിലയിരുത്തലുകളോ ഇടപെടലുകളോ കമ്മിറ്റി നടത്തിയിട്ടില്ല. ലൈസൻസിന്റെ കാര്യത്തിൽ ലൈസൻസ് പുതുതായി എടുക്കുന്നതും പുതുക്കുന്നതും ഒരു മാസം മുമ്പേയായിരിക്കണം. അതായത് പുതുക്കുന്നവയുടെ കാര്യത്തിൽ ഫെബ്രുവരി മാസത്തിനുള്ളിൽ ഫീസ് അടച്ച് അപേക്ഷ സമർപ്പിച്ചിരിക്കണം. ഇത്തരം നടപടിക്രമങ്ങൾ സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാത്തതിനാൽ ലൈസൻസ് പുതുക്കുന്നുണ്ടെങ്കിലും വാർഷികകണക്കുപ്രകാരം കുടിശ്ശിക നിലനിൽക്കുന്നു.

വസ്തുനികുതി ഉൾപ്പടെയുള്ള വരവിനങ്ങളിൽ ഡിമാന്റിലും കളക്ഷനിലും പൂർണ്ണത കൈവരിക്കാത്ത കാര്യം ഭാഗം 2 ലെ മറ്റ് ഖണ്ഡികകളിൽ പരാമർശിച്ചിരിക്കുന്നത് ഇവിടെ ശ്രദ്ധേയമാണ്.

<u>പ്രൊക്യൂർമെന്റ് കമ്മറ്റി</u>

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രോജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിറ്റിയാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനട്സ് പരിശോധിച്ചതിൽ കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്നു കാണുന്നു. വിവിധ വാങ്ങലുകൾക്കായി ടെണ്ടർ ക്ഷണിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിലും ക്വോട്ട് ചെയ്ത ടെണ്ടറുകൾ അംഗീകരിക്കുന്നതിന് ഭരണസമിതിയിലേക്ക് ശുപാർശ ചെയ്യുന്നതിലും മാത്രമായി പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം ഒതുങ്ങി നിൽക്കുന്നു.

<u>പദ്ധതി രൂപീകരണവും നടത്തിപ്പും</u>

- വിവിധ ഫണ്ടുകളുടെ വിന്യാസം, ലഭ്യത, വ്യത്യാസം എന്നിവ കണക്കിലെടുത്തു കൊണ്ട് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥ തലങ്ങളിൽ കൂടുതൽ ശ്രദ്ധ ഊന്നേണ്ടതുണ്ട്.
- ആസൂത്രണസമിതി വർക്കിങ്ങ്ഗ്രൂപ്പിന്റെ രൂപീകരണം,വികസനസെമിനാർ,വാർഷിക പദ്ധതി അംഗീകാരം എന്നീ നടപടിക്രമങ്ങളിൽ മാർഗരേഖ പ്രകാരമുള്ള സമയക്രമം പാലിച്ചിട്ടില്ല.
- കർമ്മപദ്ധതി തയ്യാറാക്കിയിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പുകളുടെയും മോണിറ്ററിങ്ങ് സമിതിയുടേയും പ്രവർത്തനം തൃപ്തികരമല്ല. ഗ്രാമസഭായോഗങ്ങളിൽ ഉയർന്നു വരുന്നതും വർക്കിങ്ങ് ഗ്രൂപ്പ് ചർച്ച ചെയ്ത് തെരഞ്ഞെടുക്കപ്പെടുന്നതുമായ പല പ്രോജക്ടുകളും നടപ്പിലാക്കപ്പെടുന്നില്ല.
- വിവിധ സ്റ്റാൻഡിങ് കമ്മിറ്റികൾക്ക് കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് ഓഡിറ്റിന് ഹാജരാക്കിയില്ല.
- സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ആവശ്യകത പദ്ധതി രൂപീകരണ ഘട്ടങ്ങളിൽ പരിഗണിക്കപ്പെട്ടിട്ടില്ല.
- ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ഓരോ മാസവും യോഗം ചേരുന്നുണ്ടെങ്കിലും ബഡ്ജറ്റ് - ചെലവ് എന്നിവ താരതമ്യം നടത്തി ചെലവ് നിയന്ത്രിക്കുന്നതിനുള്ള യാതൊരുവിധ നടപടിയും സ്വീകരിക്കുന്നില്ല.
- പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന് മുമ്പായി പദ്ധതി അടങ്കൽ, വകയിരുത്തലുകൾ എന്നിവ സംബന്ധിച്ച ശുപാർശ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഭരണസമിതിക്ക് നൽകേണ്ടതാണ്. അപ്രകാരം ഒരു ശുപാർശയും സ്റ്റാന്റിംഗ് കമ്മിറ്റി നൽകിയിട്ടില്ല

- പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, രേഖകൾ എന്നിവ ശരിയായി പരിപാലിക്കുന്നുണ്ടോ എന്ന വിവരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

- പൊതുഭരണം

29.01.15ലെ ജി.ഒ.എം.എസ്.18/2015ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഗുണമേന്മയുള്ളതാക്കാൻ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കാൻ ഒരു പരിധി വരെ ശ്രമിച്ചിട്ടുണ്ട്. ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. പൊതുജനങ്ങൽക്ക് ഉപയോഗപ്രദമായരീതിയിൽ ഓഫീസ് ക്രമീകരിക്കുകയും, പരാതികൾക്ക് ഇടനൽകാതെ സേവന കൗണ്ടർ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കുന്നില്ല എന്ന് അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. തുടർവർഷങ്ങളിൽ മേൽസൂചിത ചട്ടംപാലിച്ച് ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.03.18 | 2/18 | 3/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് നടന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | | |

## 1-12 വാർഷികകണക്കിലെ അപാകതകൾ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. 26.07.2011 ലെ ജി.ഒ.(എം.എസ്.)നം.152/2011/തസ്വഭവ നിർദ്ദേശം പാലിച്ച് ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടില്ല.
3. ഡേ ബുക്ക്, കാഷ് ബുക്ക് എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4. പഞ്ചായത്ത് നൽകിയിട്ടുള്ളതും കാലാവധി കഴിഞ്ഞതുമായ ചുവടെ ചേർക്കുന്ന ചെക്കുകളുടെ തുക Liability in respect of stale cheque എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

| ബാങ്കിന്റെ പേര്, അക്കൗണ്ട് നം. | ചെക്ക് നം, തീയതി | തുക |
|---|---|---|
| കുറിച്ചി സർവീസ് സഹകരണബാങ്ക്-0123000004125 | 17049/10.12.15 | 1000 |
| | 16634/04.11.16 | 250 |
| എസ്.ബി.റ്റി, കുറിച്ചി-67217950733 | 189245/09.08.16 | 1700 |

5. വാടക കുടിശികയുമായി ബന്ധപ്പെട്ട രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള വരവിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
6. ജീവനക്കാരുടെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററും വാർഷിക കണക്കും പരിശോധിച്ചതിൽ കണ്ടെത്തിയ വ്യത്യാസം ചുവടെ ചേർക്കുന്നു.

| | വാർഷിക കണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| ഡിമാന്റ് | 1529380 (I-1) | 1532330 |

| | | |
|---|---|---|
| കളക്ഷൻ | 1517930 (RP-1) | 1529380 |
| ബാലൻസ് | ഇല്ല | 2950 |

6. വസ്തുനികുതിയുടെ ഡി.സി.ബി. പത്രികകൾ സഞ്ചയ സോഫ്റ്റ്‌വെയറിലേതുമായി പൊരുത്തപ്പെടുന്നില്ല.
7. കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തൊഴിൽ നികുതി (വ്യാപാരികൾ/സ്ഥാപനങ്ങൾ) കുടിശികയുടെ വരവു തുകയുടെയും ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂൾ പ്രകാരമുള്ള അഡ്വാൻസ് കളക്ഷൻ തുകയുടെയും കൃത്യത ബോധ്യപ്പെട്ടില്ല.
8. ഡി & ഒ ട്രേഡ് ലൈസൻസ് ഫീസ് രജിസ്റ്റർ പ്രകാരമുള്ള കുടിശിക വരവിന്റെയും, അഡ്വാൻസ് കളക്ഷനിനത്തിലുള്ള വരവിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
9. തൻവർഷ കുടിശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയട്ടില്ല.
10. ബാലൻസ് ഷീറ്റിലെ B-7 ഷെഡ്യൂൾ പ്രകാരം ലയബിലിറ്റിയായി രേഖപ്പെടുത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന തുകകളുടെ വിശദാംശങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ലഭ്യമല്ല.

| ശീർഷകം | തുക |
|---|---|
| 340100203 | 13,56,375 |
| 340109901 | 2,56,973 |
| 340200101 | 10,000 |
| 340200102 | 64,475 |

11. മുൻവർഷത്തെ ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂളിൽ 460500501 എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിരുന്ന 50,000/- രൂപയുടെ അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. തൻവർഷ ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂളിൽ ടി തുക ചേർത്തിട്ടില്ല.
12. അഡ്വാൻസ് രജിസ്റ്റർ പ്രകാരം വി.ഇ.ഒ.യ്ക്ക് 23.05.2017 ൽ നൽകിയ 50,000/- രൂപ ക്രമീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. ബാലൻസ് ഷീറ്റിൽ ടി തുക രേഖപ്പെടുത്തിയിട്ടില്ല.
13. ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂൾ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന 15,000/- രൂപയുടെ കൃത്യത രജിസ്റ്റർ പ്രകാരം ബോധ്യപ്പെട്ടിട്ടില്ല.
14. 31.03.2018 ലെ ബാലൻസ് ഷീറ്റിലെ B-9 ഷെഡ്യൂൾ പ്രകാരം ജീവനക്കാരുടെ ശമ്പള റിക്കവറി തുകകളുടെ വിവരം ബിൽ രജിസ്റ്റർ, വൗച്ചർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബിൽ രജിസ്റ്റർ പ്രകാരം തുക | വാർഷിക കണക്ക് പ്രകാരം തുക |
|---|---|---|
| ജി.പി.എഫ്. | 12500 | 19500 |
| എസ്.എൽ.ഐ. | 3025 | 3325 |
| ജി.ഐ.എസ്. | 3500 | 3700 |
| എൽ.ഐ.സി. | 5242 | 6329 |
| കെ.എസ്.എഫ്.ഇ.റിക്കവറി | 4500 | 20500 |
| കോ-ഓപ്പറേറ്റീവ് റിക്കവറി | 5500 | 10500 |
| പെൻഷൻ കോൺട്രിബ്യൂഷൻ | 34384 | 146882 |

15. 31.03.2018 ലെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂൾ പ്രകാരം പ്രത്യേക ആവശ്യത്തിനായി അനുവദിച്ചതും പഞ്ചായത്തിൻ ബാധ്യതയായി കാണിച്ചിട്ടുള്ളതുമായ ചുവടെ ചേർക്കുന്ന തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

| ക്രമ.നം. | കണക്ക് ശീർഷകം | തുക |
|---|---|---|
| 1 | 320700304 | 585000 |
| 2 | 320700404 | 75000 |
| 3 | 320700405 | 50000 |

16.സർക്കാർ ഗ്രാന്റുകളുടെ എ.സി.ആറിൽ (സാംഖ്യ) അലോട്ട്മെന്റ് വിവരങ്ങൾ ഉൾപ്പെടുത്തതാത്തതിനാൽ നീക്കിയിരിപ്പുതുക മൈനസ് സൂചിപ്പിക്കുന്നു.

17. സംയുക്ത പ്രോജക്ടുകളുടെ ട്രഷറി അക്കൗണ്ടിൽ 26540രൂപയ്ക്കുപകരം2654-രൂപയാണ് നീക്കിയിരിപ്പ് സൂചിപ്പിക്കുന്നത്.

18. 2016-17ലെ വാടക ഇനത്തിലെ നീക്കിയിരിപ്പായ 18040/-രൂപ 2017-18ലെ മുന്നിരിപ്പിൽ ഉൾപ്പെടുത്തിയിട്ടില്ല.

19. എംജിഎൻആർഇജിഎസ് - I(14)(a) - പട്ടികപ്രകാരമുള്ള ചെലവും യഥാർത്ഥ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ചെക്ക് മുഖേനയുള്ള വരവുകൾ യഥാസമയം ക്ലിയർ ചെയ്യുന്നില്ല.

പഞ്ചായത്തിൽ വരവായിട്ടുള്ള ചുവടെ പറയുന്ന ചെക്ക് /ഡ്രാഫ്റ്റ് പണമാക്കിയതായി കാണുന്നില്ല.

| ചെക്ക് ഡ്രാഫ്റ്റ് നൽകിയ വ്യക്തി സ്ഥാപനം | ചെക്ക്/ ഡ്രാഫ്റ്റ് നം. തീയതി | തുക |
|---|---|---|
| ശുചിത്വ മിഷൻ | 1618377<br>16.11.17 | 25047 |
| മണിമല പഞ്ചായത്ത് സെക്രട്ടറി ( ഫെസ്റ്റിവൽ അഡ്വാൻസ് റീഫണ്ട്) | 9367<br>05.02.18 | 6000 |
| ബി.ഡി.ഒ, പള്ളം<br>(തൊഴിൽ നികുതി) | 6992391<br>26.02.18 | 2500 |
| മണിമല പഞ്ചായത്ത് സെക്രട്ടറി (ഫെസ്റ്റിവൽ അഡ്വാൻസ് റീഫണ്ട്) | 5010<br>09.03.18 | 3000 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെക്കുകൾ പണമാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2-1 അടിസ്ഥാനനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല.

24.02.2015 ലെ സ.ഉ(അച്ചടി) നം.36/2015/തസ്വഭവ പ്രകാരം വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് വരുത്തിയ ഭേദഗതിപ്രകാരം 1.സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, 2.വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, ക്യാന്റീൻ, വർക്ക് ഷോപ്പ് , 3.മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട്, 2006 (2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ 4.ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്തിലെ ഈ

ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-2-2 മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ ആകെയുള്ള എട്ട് മൊബൈൽ ടവറുകളിൽ ചുവടെ ചേർത്തിരിക്കുന്ന ആറ് മൊബൈൽ ടെലഫോൺ ടവറുകളുടെയും വസ്തുനികുതി 2013-14 വർഷം മുതൽ കുടിശ്ശികയുള്ളതായി "സഞ്ചയ" മുഖേന വസ്തുനികുതി പരിശോധിച്ചതിൽ നിന്നും വ്യക്തമായി.

| ക്രമനം | കെട്ടിട നം. |
|---|---|
| 1 | 2/387/A |
| 2 | 4/532/A |
| 2 | 5/3/A |
| 4 | 8/15/A |
| 5 | 11/94/C |
| 6 | 17/636/A |

മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 2-2-3 വസ്തുനികുതി ഈടാക്കിയതിന്റെയും ക്രമവൽക്കരണത്തിന്റെയും വിശദാംശങ്ങൾ ലഭ്യമല്ല.

ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ വാർഡിൽ മനോജ് മാത്യു, ഷാജി മാത്യു എന്നിവരുടെ ഉടമസ്ഥതയിലുള്ള ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടത്തിന് (തറ വിസ്തീർണം- 93.47ച.മീ) 574 സി, ഡി ,ഇ, എഫ് എന്നീ നമ്പരുകൾ നൽകി 2017-18 വർഷം നികുതി നിർണയിച്ചിട്ടുണ്ട് .

1.പെർമിറ്റില്ലാതെ നിർമ്മിച്ച ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടം ക്രമവൽക്കരിച്ച് നൽകിയപ്പോൾ ക്രമവൽക്കരണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് 02.12.2015 ലെ 12900/ആർ.എ1/2015 ാം നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ഇതിന്മേൽ വിശദീകരണവും കെട്ടിടം കേരള പഞ്ചായത്ത്‌രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

2.ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം ടി സ്ഥലത്ത് 15 കെട്ടിടങ്ങളുടെ (ആകെ തറ വിസ്തീർണം -2927.57 ച.മീറ്റർ) വിവരം രേഖപ്പെടുത്തിയിട്ടുണ്ട് . ഇവയുടെ കെട്ടിടനമ്പർ , തറവിസ്തീർണം, വസ്തുനികുതി, 2017-18 വർഷം നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം.17/21.01.2019ന് മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 2-2-4 കെട്ടിടങ്ങളുടെ ഉപയോഗക്രമം നിശ്ചയിച്ചതിൽ അപാകത

ഗ്രാമപഞ്ചായത്തിലുള്ള ചുവടെ ചേർക്കുന്ന ബാങ്ക് കെട്ടിടങ്ങളെ "സഞ്ചയ" പ്രകാരം "വാണിജ്യാവശ്യത്തിനുള്ള ബാങ്കുകൾ" എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണയിച്ചതായി കാണുന്നു.

| ക്രമ നം | കെട്ടിടത്തിന്റെ നമ്പർ, പേര് |
|---|---|
| 1 | 11/180,ജനത സർവ്വീസ് സഹകരണ ബാങ്ക് |
| 2 | 11/281, ജനത സർവ്വീസ് സഹകരണ ബാങ്ക് |
| 3 | 13/248, ഇത്തിത്താനം സഹകരണ ബാങ്ക് |
| 4 | 14/252, ജനത സർവ്വീസ് സഹകരണ ബാങ്ക് |
| 5 | 14/251. ജനത സർവ്വീസ് സഹകരണ ബാങ്ക് |
| 6 | 10/204 , ജനത സർവ്വീസ് സഹകരണ ബാങ്ക് |

| | |
|---|---|
| 7 | 2/277.കുറിച്ചി സർവ്വീസ് സഹകരണ ബാങ്ക് |
| 8 | 2/273,കുറിച്ചി സർവ്വീസ് സഹകരണ ബാങ്ക് |

ഈ കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം.20/21.01.19ന് മറുപടി ലഭ്യമാക്കിയില്ല. കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ച് നികുതി നിർണ്ണയത്തിൽ അപാകതയുണ്ടെങ്കിൽ പരിഹരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-3-1 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

2017-18 വർഷം, ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപേക്ഷകളുമായി ബന്ധപ്പെട്ട് വ്യക്തികളുടെ പേര് , വിലാസം എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത് .

| ക്രമനം | അപേക്ഷ നം. | തീയതി | ക്രമനം | അപേക്ഷ നം. | തീയതി |
|---|---|---|---|---|---|
| 1 | A4 .2666/17 | 4.4.17 | 16 | A4 .6221/17 | 22.8.17 |
| 2 | A4 .3261/17 | 3.5.17 | 17 | A4 .6602/17 | 15.9.17 |
| 3 | A4 .3303/17 | 4.5.17 | 18 | A4 .6674/17 | 18.9.17 |
| 4 | A4 .3712/17 | 22.5.17 | 19 | A4 .7402/17 | 24.10.17 |
| 5 | A4 .3774/17 | 25.5.17 | 20 | A4 .747917 | 28.10.17 |
| 6 | A4 .3787/17 | 25.5.17 | 21 | A4 .7493/17 | 30.10.17 |
| 7 | A4 .3999/17 | 2.6.17 | 22 | A4 .7522/17 | 31.10.17 |
| 8 | A4 .4144/17 | 8.6.17 | 23 | A4 .7532/17 | 31.10.17 |
| 9 | A4 .4468/17 | 20..6.17 | 24 | A4 .7536/17 | 31.10.17 |
| 10 | A4 .4852/17 | 5.7.17 | 25 | A4 .7875/17 | 14.11.17 |
| 11 | A4 .5107/17 | 14.7.17 | 26 | A4 .8394/17 | 12.12.17 |
| 12 | A4 .5583/17 | 2.8.17 | 27 | A4 .8542/17 | 20.12.17 |
| 13 | A4 .5963/17 | 14.8.17 | 28 | A4 .8591/17 | 27.12.17 |
| 14 | A4 .5983/17 | 14.8.17 | 29 | A4 .8632/17 | 29.12.17 |
| 15 | A4 .6144/17 | 21.8.17 | 30 | A4 .1189/18 | 26.2.18 |

മേൽപ്പറഞ്ഞ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പൂർത്തിയാക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്

## 2-3-2 കെട്ടിടം ക്രമവൽക്കരിച്ച് നൽകിയതിൽ അപാകത .

ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ പി.സി.രാജു, സുദർശന എന്നയാളിന്റെ ഉടമസ്ഥതയിലുള്ളതും വാണിജ്യാവശ്യത്തിനുള്ളതുമായ 473.08 ച.മീറ്റർ തറവിസ്തീർണമുള്ള കെട്ടിടം 2017-18 വർഷം ക്രമവൽക്കരണം നടത്തി 235 എ മുതൽ കെ വരെയുള്ള കെട്ടിടനമ്പരുകൾ നൽകി വസ്തുനികുതി നിർണയം നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.കോട്ടയം -ചങ്ങനാശ്ശേരി റോഡിന്റെ വശത്ത് പഞ്ചായത്തിൽ നിന്നും 2 കി.മീ ചുറ്റളവിൽ സ്ഥിതിചെയ്യുന്ന ഇത്രയും തറവിസ്തീർണമുള്ള കെട്ടിടം അനധികൃതമായി നിർമ്മാണം നടത്തിയത് പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടാത്തതിന്റെ കാരണം വ്യക്തമല്ല.

2.കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങളിലെ ചട്ടം 135(3) പ്രകാരം ഒരു ക്രമവൽക്കരണ അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നപോലെ തന്നെയായിരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ കെട്ടിടം 2011ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങളിലെ ചട്ടം 134 പ്രകാരം അനുബന്ധം ജെ യിലെ ഫാറത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. ഈ കെട്ടിടം ക്രമവൽക്കരിച്ച് നൽകുന്നതിന് 02.12.2015 ലെ 12900/ആർ.എ1/2015/തസ്വഭവ പ്രകാരമുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചതായി

കാണുന്നില്ല. സർക്കുലറിലെ 6-ാമത്തെ നിർദ്ദേശപ്രകാരം അപേക്ഷകൾ നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി സൂക്ഷ്മപരിശോധന നടത്തേണ്ടതും എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവേനമ്പർ, വിസ്തീർണം, കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, എഫ്.എ.ആർ., നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ്, നിർദ്ദിഷ്ടനിർമ്മാണം കെട്ടിടനിർമ്മാണ നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവയും പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച കൃത്യമായ ശുപാർശ , പ്ലാൻ പ്രകാരം ആവശ്യമായ പാർക്കിംഗ് സൗകര്യങ്ങൾ നിർമ്മാണസ്ഥലത്ത് പ്രായോഗികതലത്തിൽ ലഭ്യമാണോയെന്നുള്ള വിവരം മുതലായവ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ടിൽ commercial building completed എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് . ഇതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതും കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

3.കെട്ടിടം ക്രമവൽക്കരണത്തിന് അപേക്ഷിച്ചത് 1.9.2016ലാണ്. സഞ്ചയ പ്രകാരം 2017-18 1-ാം അർദ്ധവർഷത്തിലാണ് നികുതി നിർണയിച്ചിരിക്കുന്നത് . അപാകതയുടെ കാരണം വ്യക്തമല്ല.
മേൽ അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/21.01.19) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററും, ജീവനക്കാരുടെ വരുമാനം സംബന്ധിച്ച റിട്ടേൺസും രസീതും പരിശോധിച്ചതിൽ കുറിച്ചി, സെൻട്രൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹോമിയോപ്പതിയിലെ ചുവടെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി കേരള പഞ്ചായത്ത് രാജ് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള സ്ലാബ് അനുസരിച്ചല്ല ഈടാക്കിയിരിക്കുന്നതെന്ന് കാണുന്നു.

| ജീവനക്കാരുടെ പേര്, തസ്തിക | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|
| സാന്ദ്രാ ജോൺ, യോഗാ തെറാപിസ്റ്റ് | 115807 | 750 | 1000 | 250 |
| സുദർശനൻ.എസ് എ.ഒ | 100516 | 263 | 1000 | 737 |
| ഡോ.ആർ സിദ്ധാർത്ഥൻ | 185161 | 444 | 1250 | 806 |
| ഡോ.കൃഷ്ണേശ്വരി,എ.എസ് | 125806 | 317 | 1250 | 933 |
| ഡോ.ബിനുരാജ് എസ്.ആർ | 137097 | 346 | 1250 | 904 |
| ഡോ.കാർത്തിക ചതോപാദ്യായ | 167097 | 296 | 1250 | 954 |
| ഡോ.ജയശ്രീ ജാനകം | 101613 | 178 | 1000 | 822 |
| ഡോ.ബി വേണുഗോപാൽ | 240968 | 556 | 1250 | 694 |
| ആകെ | | | | 6100 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഇനത്തിൽ ഈടാക്കേണ്ട ബാക്കി തുകയായ 6100/-രൂപ ഈടാക്കി രസീതു സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 2-5 <u>വാടക കുടിശിക ഈടാക്കിയ രേഖകൾ ലഭ്യമല്ല</u>

2016-17 വർഷത്തെ വാടക രജിസ്റ്റർ പ്രകാരം, ഷോപ്പിംഗ് കോംപ്ലക്സ് 8-ാം നമ്പർ മുറി അമ്പിളി , പടിഞ്ഞാറേകോരോട്ട് എന്നയാൾക്ക് നൽകിയിട്ടുള്ളതാണ്. മാസം 2432/- രൂപ വീതം 2016-17വർഷം 29184/- രൂപ ടിയാൾ ഒടുക്കാനുള്ളതായി കാണുന്നു. 2/11/17 ലെ A3/6643/17 കത്ത് പ്രകാരം 2016-17 ലെ കുടിശിക പലിശ ചേർത്ത് 39107/- (29184+9923)രൂപ ഒടുക്കുവാൻ ടിയാളോട് ആവശ്യപ്പെട്ടതായി കാണുന്നു. 2017-18 വർഷത്തെ വാടക രജിസ്റ്ററിലെ ഡി.സി.ബി പ്രകാരം മുൻവർഷ കുടിശികയായി 21067/- രൂപ ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുക ലഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമായിരുന്നില്ല. 2017-18 വർഷത്തെ ധനകാര്യപത്രികയിൽ വാടകയിനത്തിൽ മുൻവർഷകുടിശികയായി തുകയൊന്നും തന്നെ കാണിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം16) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ വാടകകുടിശിക 39107/- രൂപ അനധികൃതമായി ഡിമാന്റിൽ നിന്നും വാർഷികകണക്കുകളിൽ നിന്നും ഒഴിവാക്കിയതായി കരുതുന്നു. ടി തുക ഈടാക്കിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുക ഈടാക്കിയിട്ടില്ല എന്ന നിഗമനത്തിൽ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 <u>ഇ-ടെൻഡർ ഫോം വില ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല</u>

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുകകൾ അതാത് തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2017-18 വർഷം കുറിച്ചി ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ലഭിക്കാനുള്ള തുകകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.1/16.01.2019) മറുപടിയായി ഗ്രാമപഞ്ചായത്തിലേക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് | PAC | ടെന്റർ ഫോം വില | കരാറുകാരുടെ എണ്ണം | ആകെ ടെണ്ടർ ഫോം വില |
|---|---|---|---|---|---|
| 1. | ഔട്ട് പോസ്റ്റ് പഞ്ചായത്ത് സ്റ്റേഡിയം റോഡ് കോൺക്രീറ്റിങ്ങ് | 10,00,000/- | 2,000+GST | 1 | 2000 |
| 2. | കാരിയിൽ കൊട്ടുകോർട്ട് റോഡ് കോൺക്രീറ്റിങ്ങ് | 560,000/- | 1,200+GST | 2 | 2400 |
| 3. | മലകുന്നം കണ്ണന്തുറോഡ് കോൺക്രീറ്റിങ്ങ് | 865,000/- | 1,800+ GST | 2 | 3600 |
| 4 | കുടുംബക്ഷേമ കേന്ദ്രം കുറിച്ചി | 500,000 | 1000+GST | 1+1(റീടെൻഡർ) | 2000 |
| 5 | ചാലച്ചിറ വനിതാവ്യവസായ കേന്ദ്രം | 7,31,400 | 1500+GST | 1 | 1500 |
| 6 | കുറിച്ചി ഗവ.HSSഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റ് നിർമ്മാണം | 700,000 | 1400+GST | 2 | 2800 |
| 7 | Hwയുപി സ്കൂളിന് ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റ് നിർമ്മാണം | 700,000 | 1400+GST | 1 | 1400 |
| 8 | ഗവ.എൽപിഎസ് , നീലംപേരൂർ പള്ളി റോഡ് സംരക്ഷണഭിത്തി | 600,000 | 1200+GST | 2 | 2400 |

| | |
|---|---|
| ആകെ ടെന്റർ ഫോം വില | 18100/- |

ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. കുറിച്ചി ഗ്രാമപഞ്ചായത്തിൽ 9-10-18ൽ എസ്ബിഐ കുറിച്ചി ബ്രാഞ്ചിൽ 37705475369 അക്കൗണ്ട് നമ്പരിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ടെൻഡർ ഫോം വിലയിനത്തിൽ 2017-18 വർഷം മാത്രം ലഭിക്കുവാനുള്ള 18100/- രൂപയും മുൻവർഷങ്ങളിൽ ലഭ്യമാകാനുള്ള തുകയും കണക്കാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 വിവിധോദ്ദേശ/സംയുക്ത പ്രോജക്ടുകൾക്കായി ലഭ്യമാക്കിയ ഗ്രാന്റുകൾ- ചെലവഴിക്കാതെ അവശേഷിക്കുന്നു

ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി 4 പ്രകാരം വിവിധ ഉദ്ദേശ്യങ്ങൾക്ക് വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകളിൽ 38,96,543/- രൂപ ഓഡിറ്റ് വർഷത്തിൽ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. തനത് ഫണ്ട് ഉൾപ്പടെയുള്ള ബാങ്ക് അക്കൗണ്ടുകളിലാണ് ഈ തുകകൾ നിക്ഷേപിച്ചിരിക്കുന്നത്. വിവിധ സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകൾ നല്കിയ തുകയിൽ നാളിതുവരെ വിനിയോഗിക്കാതെ അവശേഷിക്കുന്ന 9,62,654രൂപ കൂടി മേൽ തുകയിൽ ഉൾപ്പെടുന്നുണ്ട്.ഇതിന്റെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | ഫണ്ട് നല്കിയ സ്ഥാപനം | നീക്കിയിരിപ്പ് തുക |
|---|---|---|
| 1 | ഐ.സി.ഡി.എസ്(കേന്ദ്രവിഹിതം) | 22,22,696 |
| 2 | എസ്.എസ്.എ വിഹിതം | 49,043 |
| 3 | ശുചിത്വ മിഷൻ ഗ്രാന്റ് | 6,62,150 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 25,00,00 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 2,654 |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 5,85,000 |
| 7 | ബ്ലോക്ക് പഞ്ചായത്ത് | 75,000 |
| 8 | ജില്ലാപഞ്ചായത്ത് | 50,000 |
| | ആകെ | 38,96,543 |

മേൽ ഫണ്ടുകളുടെ കാര്യത്തിൽ സമയബന്ധിതമായ വിനിയോഗം നടന്നില്ല എന്നതിനൊപ്പം സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് ഫണ്ട് പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയുമാണ്.
മേൽ വിവരിച്ചു പ്രക്രാരം വിവിധ സ്രോതസുകളിൽ നിന്നും ലഭിച്ച 38,96,543/- രൂപ നിർദ്ദിഷ്ട ലക്ഷ്യത്തിന് ഉപയോഗിക്കുകയോ അല്ലാത്തപക്ഷം അതതു ശീർഷകങ്ങളിൽ തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാട്ടർ കിയോസ്ക് -പ്ലാറ്റ് ഫോമും പൈപ്പ് ലൈനും സ്ഥാപിയ്ക്കൽ പ്രേജക്ട് നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ-<br>പേര് | 225/17-18<br>വാട്ടർ കിയോസ്ക് -പ്ലാറ്റ് ഫോം സ്ഥാപിയ്ക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥ | സെക്രട്ടറി |
| അടങ്കൽ | 50000 ( തനതുഫണ്ട് ) |
| ചെലവ് | 45000/- (ചെക്ക് നം. 546417/1.03.18 ) |

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 226/17-18 വാട്ടർ കിയോസ്ക് - പൈപ്പ് ലൈൻ സ്ഥാപിയ്ക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥ | സെക്രട്ടറി |
| അടങ്കൽ | 20000 ( തനതുഫണ്ട് ) |
| ചെലവ് | 12000(ചെക്ക് നം. 546420/1.03.18) |

വരൾച്ചാപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന വിവിധ പഞ്ചായത്തുകൾക്ക് ശുദ്ധജലം ശേഖരിക്കുന്നതിനായി റവന്യൂ വകുപ്പിൽ നിന്നും കുറിച്ചി ഗ്രാമപഞ്ചായത്തിന് 10 കിയോസ്കുകൾ അനുവദിച്ചിരുന്നു. സ.ഉ (സാധാ)നം 787/2017 ഡി.എം.ഡി തീ 23/2/2017 പ്രകാരം റവന്യൂ വകുപ്പ് വിതരണം ചെയ്യുന്ന ടാങ്കുകൾക്ക് പ്ലാറ്റ് ഫോം നിർമ്മാണവും തുടർ നടത്തിപ്പും തദ്ദേശ സ്ഥാപനം നടത്തേണ്ടതാണെന്ന് വ്യക്തമാക്കിയിരുന്നു. കൂടാതെ ടി ഉത്തരവു പ്രകാരം കിയോസ്കുകളിൽ എപ്പോഴും പകുതി ഭാഗമെങ്കിലും ജലലഭ്യത ഉറപ്പുവരുത്തേണ്ടതും പാത്രങ്ങളിൽ ജലം ശേഖരിക്കുന്നതിന് സഹായകമായ രീതിയിൽ വാട്ടർ ടാപ്പുകളും അനുബന്ധ ഉപകരണങ്ങളും തദ്ദേശ സ്ഥാപനം സ്ഥാപിക്കേണ്ടതുമാണ്. മേൽ സൂചിത പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തിൽ പത്ത് വാർഡുകളിലായി വാട്ടർ കിയോസ്ക് സ്ഥാപിയ്ക്കുന്നതിനുള്ള - പ്ലാറ്റ് ഫോമുകൾ നിർമ്മിയ്ക്കുന്നതിനാണ് ക്വട്ടേഷൻ ക്ഷണിച്ചത്. അഞ്ച് പ്ലാറ്റ് ഫോമുകൾ നിർമ്മിച്ചതിന്റെ ചെലവുവിവരങ്ങൾ മാത്രമെ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുള്ളു.

2.സ്വകാര്യവ്യക്തികളുടെ സ്ഥലത്താണ് പത്ത് വാട്ടർ കിയോസ്ക് പ്ലാറ്റ് ഫോമുകളും ടാങ്കുകളും സ്ഥാപിച്ചതെങ്കിൽ പൊതു ആവശ്യത്തിന് സ്ഥലമുപയോഗിക്കുന്നതിന് സ്ഥലമുടമകൾ പഞ്ചായത്തിന് അനുമതി നൽകിയതിന്റെ റവന്യൂ രേഖകൾ ലഭ്യമല്ല.

3.പ്ലാറ്റ് ഫോമുകളുടെ സംരക്ഷണത്തിനായും കുടിവെള്ളവിതരണത്തിനായും പഞ്ചായത്ത് സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമല്ല.

കിയോസ്കുകൾ സ്ഥാപിച്ച ഭാഗങ്ങളിൽ 21-1-19 ന് ഓഡിറ്റ് ടീം നേരിൽ പരിശോധിച്ചതിൽ കുടിവെള്ള കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ജലലഭ്യത ഉറപ്പുവരുത്തി ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 57,000/- രൂപ (45000+12000)യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 3-2 കമ്പ്യൂട്ടറുകളുടെ വാർഷിക മെയിന്റെനൻസ്-ഫയലുകളും അനുബന്ധരേഖകളും ഹാജരാക്കിയില്ല-ചെലവുതുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ-<br>പേര് | 11/17-18<br>വാർഷികകമ്പ്യൂട്ടറുകളുടെ മെയിന്റനൻസ്- |
| നിർവ്വഹണ ഉദ്യോഗസ്ഥ | സെക്രട്ടറി |
| അടങ്കൽ | 70000 (പദ്ധതി വിഹിതം- സി.എഫ്.സി ) |
| ചെലവ് | 59236 ( bill no-10/17-18-as per bill book) |

കമ്പ്യൂട്ടറുകളുടെ വാർഷിക മെയിന്റനൻസ് എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തിന്റെ വാർഷികപദ്ധതിയിൽ ഓഫീസ് കമ്പ്യൂട്ടർവത്ക്കരണത്തിനു പ്രാധാന്യം നൽകി പ്രോജക്ടുകൾ ആവിഷ്കരിച്ച നടപ്പാക്കുന്നുണ്ടിലും കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സർക്കുലർ നം.86/2010/ഫിൻ തീയതി 24-9-2010 പ്രകാരം കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്ന ഓഫീസുകളിൽ കമ്പ്യൂട്ടറുകളുടെ ഹാർഡ്‌വെയറിനും സോഫ്റ്റ്‌വെയറിനും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻ വാർഷികപദ്ധതികളിൽപ്പെടുത്തി വികസനഫണ്ട് ചെലവഴിച്ച്

കമ്പ്യൂട്ടറുകളും സെർവർ, പ്രിന്റർ, സ്കാനർ, പ്രൊജക്ടർ തുടങ്ങിയ അനുബന്ധഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. വിവിധ വർഷങ്ങളിൽ നടത്തുന്ന പർച്ചേസുകളായതിനാൽ വാറന്റി, എ.എം.സിയുടെ വിവരങ്ങൾ തുടങ്ങിയവ പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുണ്ട്. കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല.

2. കമ്പ്യൂട്ടറുകളുടെ വാർഷികപരിപാലനത്തിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിശദാംശങ്ങൾ, വാർഷികപരിപാലനത്തിന് വിധേയമാക്കിയ ഹാർഡ് വെയറുകൾ, ചെലവുവിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് 21.01.2019-ൽ നൽകിയ 25-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 59236/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 പദ്ധതി രൂപീകരണം-അനുബന്ധരേഖകൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 9/2018 |
| നിർവ്വഹണോദ്യോഗസ്ഥ | സെക്രട്ടറി |
| വകയിരുത്തിയ തുക | 200000(തനതുഫണ്ട്) |
| ചെലവ് | 1,73,332 |

പ്രോജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.വികസന സെമിനാർ ബുക്ക്, കരട് പദ്ധതി രേഖ.അന്തിമപദ്ധതി രേഖ, വികസന രേഖ എന്നിവ അച്ചടിച്ച് നൽകിയതിന് 99,497/- ജിയോ ഗ്രാഫിക് സിസ്റ്റംസിന് നൽകിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ ഫയലിലും പ്രോക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സിലും ചേർത്തിട്ടില്ല.

2.പത്രപ്പരസ്യം നൽകിയ ഇനത്തിൽ മംഗളം ദിനപത്രത്തിന് 33,736/- രൂപ നൽകുന്നതിന് സെക്രട്ടറി നടപടിക്രമങ്ങൾ തയ്യാറാക്കിയിട്ടുണ്ട് (A2-412/17 dt. 7.02.2018) പ്രസ്തുത നടപടി ക്രമത്തിൽ തുക നൽകേണ്ടിയിരുന്ന ബില്ലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു,

a) bill no-ADK.5548/2018 dt. 14.01.18—amount-7497 /-

b) bill no-ADK.4432/2018 dt. 07.12.17—amount-7497 /-

c)bill no-ADK.4335/2018 dt. 05.12.18—amount-7497 /-

d) bill no-ADK.4172/2018 dt. 29,11.18—amount-4998/-

e) bill no-ADK.3914/2018 dt. 14.01.18—amount-6247/-

ബില്ലുകളുമായി ബന്ധപ്പെട്ട പത്രപരസ്യങ്ങൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിത ബില്ലുകളിലിൽ ക്രമ നം-a, b) എന്നിവ 2018-19 സാമ്പത്തിക വർഷത്തിൽ ഉൾപ്പെട്ടവയാണെന്ന് കാണുന്നു.

പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിനു ലഭ്യമാക്കാത്തതിനാൽ മേൽ പ്രോജക്ടിനായുള്ള 1,73,332/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 ജലനിധി പദ്ധതി-ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്

2013ൽ ആരംഭിച്ച ജലനിധി പ്രോജക്ടിന്റെ കരാർ കാലാവധി 2018മാർച്ചിൽ അവസാനിച്ചു. പ്രസ്തുത പദ്ധതിയ്ക്കായി 5,23,37,569/- രൂപ വരവു വന്നതിൽ 50785760.8രൂപ ചെലവഴിച്ചിട്ടുണ്ട്. ജലനിധി അക്കൗണ്ടിൽ 31.3.18 ൽ 1551607.45രൂപ അവശേഷിക്കുന്നു. ടി പ്രോജക്ട് പ്രകാരം 17 കുടിവെള്ള പദ്ധതികൾ വിഭാവനം ചെയ്തിരുന്നതിൽ 17 എണ്ണവും കമ്മീഷൻ ചെയ്തിട്ടുണ്ട്. 17 കുടിവെള്ള പ്രോജക്ടുകൾ കൂടാതെ 52 ബയോഗ്യാസ് പ്ലാന്റുകളും ഒരു പേ & യൂസ് ടോയ്ലറ്റും നിർമ്മിച്ചിട്ടുണ്ട്. പേ & യൂസ് ടോയ്ലറ്റിനായി 6,38,500/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ടോയ്ലറ്റ് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. കമ്മിഷൻ ചെയ്ത 17 കുടിവെള്ള പ്രോജക്ടുകളിൽ ഒരെണ്ണം മാത്രമേ നല്ല രീതിയിൽ പ്രവർത്തിക്കുന്നുള്ളൂ എന്നും മറ്റുള്ളവ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല എന്നും ജനങ്ങൾക്ക് അതുമൂലം പ്രയോജനം ലഭിക്കുന്നില്ല എന്നും എക്സിറ്റ് മീററിംഗിൽ അംഗങ്ങൾ അറിയിച്ചു. അഞ്ചു കോടി രൂപയോളം ചെലവഴിച്ച് നടപ്പാക്കിയ പ്രസ്തുത പദ്ധതി ജനങ്ങൾക്ക് പ്രയോജനപ്രദമാകുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-5 പൊതു ടാപ്പുകൾ -സംയുക്ത പരിശോധന നടത്തിയിട്ടില്ല-വെള്ളക്കരമിനത്തിലെ പാഴ്ച്ചെലവ് ഒഴിവാക്കണം

പഞ്ചായത്തിൽ 156 പൊതു ടാപ്പുകൾക്കായി പ്രതിമാസം 68250 രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നുണ്ട്. എന്നാൽ ഇത്രയും ടാപ്പുകൾ നിലവിലുണ്ടോ എന്നും ടാപ്പുകൾ എല്ലാം തന്നെ പ്രവർത്തനക്ഷമമാണോ എന്നതിനെക്കുറിച്ചും വ്യക്തതയില്ല. പഞ്ചായത്തിൽ നിലവിൽ വളരെക്കുറച്ച് ടാപ്പുകളിൽ മാത്രമേ ജലവിതരണം ലഭ്യമാകുന്നുള്ളുവെന്ന് എക്സിറ്റ് മീറ്റിംഗിൽ അംഗങ്ങൾ അറിയിച്ചു. ടി സാഹചര്യത്തിൽ വാട്ടർ അതോറിറ്റിയും പഞ്ചായത്തുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും വെള്ളക്കരമിനത്തിലെ പാഴ്ച്ചെലവ് ഒഴിവാക്കേണ്ടതുമാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-6 ഡാറ്റാ എൻട്രി വർക്ക് - ദിവസവേതനാടിസ്ഥാനത്തിൽ ഒരേ സമയം 3 ജീവനക്കാരെ നിയമിച്ചു

സ.ഉ.(പി) നം 189/2000/എൽഎസ്ജിഡി തീയതി 4-7-2000, സർക്കുലർ നം 79865/ഇപിഎ1/08/തസ്വഭവ തീയതി 2-03-2009 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി താൽക്കാലിക വേതനത്തിൽ ഒരാൾക്ക് പ്രതിവർഷം 100 പ്രവർത്തി ദിവസങ്ങൾ ജോലി നൽകാവുന്നതും ഓരോ വർഷവും പുതിയ സംഘം ആളുകളുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഡാറ്റാ എൻട്രി വർക്ക് ചെയ്യുന്നതിനായി എല്ലാ മാസവും രജിത ആർ. എന്നയാളെ 500/- രൂപ നിരക്കിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ 2017 ജൂലൈ മാസത്തിൽ പ്രോജക്ടിന്റെ ഡാറ്റാ എൻട്രി ചെയ്തതിന് ശ്രീദേവി. എം.കെ എന്നയാൾക്ക് 4 ദിവസം 500 രൂപ നിരക്കിൽ 2000/- രൂപയും ( വൗച്ചർ നം.21700214 /5.7.17) ഷീന കെ.ഗോപി എന്നയാൾക്ക് 21 ദിവസത്തേക്ക് 10500/- രൂപയും (വൗച്ചർ നം.21700214 /5.7.17) നല്കിയിട്ടുണ്ട് .കൂടാതെ ഷീന കെ.ഗോപിക്ക് ഓഗസ്റ്റിൽ 16 ദിവസത്തേക്ക് 8000/- രൂപയും (വൗച്ചർ നം.21700305 /4.8.17 , 21700322 /11.8.17 ) നല്കിയതായി കാണുന്നു . ഇപ്രകാരം ഒരേ സമയം തന്നെ ഡാറ്റാ എൻട്രി വർക്കുകൾ ചെയ്യുന്നതിന് 3 പേരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചതിനും ദിവസവേതനം നല്കിയതിനും വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 4) അധിക ജോലി ഭാരം കണക്കിലെടുത്താണ് ജീവനക്കാരെ നിയമിച്ചതെന്ന് സെക്രട്ടറി മറുപടി നല്കി. ആയത് ക്രമപ്രകാരമല്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാൻ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അധികം ജീവനക്കാരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതുമാണ്.

## 3-7 സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ -ദിവസവേതനം നല്കിയത് ക്രമപ്രകാരമല്ല

സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് 13 ദിവസത്തേക്ക് 300/- രൂപ നിരക്കിൽ 3900/- രൂപ വൗച്ചർ നം 21700194/22.6.17 പ്രകാരം പ്രവിതാമോൾ പി.പി. എന്നയാൾക്ക് നല്കിയിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടത് വർക്കിങ്ങ് ഗ്രൂപ്പുകളുടെ ചുമതലയാണ്. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഇപ്രകാരം ദിവസവേതനം നല്കിയത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്

(നം.3/16.1.19) അടിയന്തിര സാഹചര്യം കണക്കിലെടുത്താണ് ആളെ നിയമിച്ചതെന്ന് മറുപടി നല്കി. എന്നാൽ പഞ്ചായത്തിൽ ജീവനക്കാരുടെ ഒഴിവില്ലാതിരുന്ന സാഹചര്യത്തിലും ടെക്നിക്കൽ അസിസ്റ്റന്റിന് പുറമേ ഡാറ്റാ എൻട്രി ചെയ്യുന്നതിന് മറ്റൊരാളെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിരുന്നതിനാലും ഇപ്രകാരം ദിവസ വേതനം നല്കിയത് ക്രമപ്രകാരമല്ല. ദിവസവേതനാടിസ്ഥാനത്തിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്ന പക്ഷം ആയതിന് പ്രത്യേകാനുമതി ലഭ്യമാക്കേണ്ടതാണ്.

## 3-8 പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല- തൻവർഷ പ്രോജക്ടുകൾക്കായുള്ള വിഹിതത്തിൽ കുറവ് വരുന്നു

2017-18 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 113 മരാമത്ത് പ്രവൃത്തികളാണ് ഏറ്റെടുത്തിരുന്നത്. ഇതിൽ 77 പുതിയ പ്രോജക്ടുകളും 36 സ്പിൽ ഓവർ പ്രോജക്ടുകളുമാണ് ഉണ്ടായിരുന്നത്. ഇതിൽ 53 പുതിയ പ്രോജക്ടുകളും 23 സ്പിൽ ഓവർ പ്രോജക്ടുകളും തൻ വർഷം നിർവ്വഹണം നടത്തിയിട്ടുണ്ട്. പഞ്ചായത്തിന് ഓരോ വർഷവും ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. 36 പ്രോജക്ടുകൾ തൻവർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയതും അതിൽ തന്നെ 13 എണ്ണം നിർവ്വഹണം നടത്താൻ കഴിയാതിരുന്നതും ഇതിനുദാഹരണമാണ്. പുതുക്കിയ പദ്ധതിമാർഗ്ഗരേഖ പ്രകാരം സ്പിൽ ഓവർ പ്രോജക്ടുകൾക്ക് ഉള്ള തുക തൻവർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും കണ്ടെത്തണമെന്ന് നിർദ്ദേശമുള്ളതിനാൽ പദ്ധതികളിൽ സമയബന്ധിതമായ പൂർത്തീകരണം ഉണ്ടായില്ലെങ്കിൽ അടുത്തവർഷത്തെ വിഹിതത്തിൽ നിന്നും നൽകേണ്ടി വരുന്നു. സ്പിൽ ഓവർ പദ്ധതികൾക്കായി തൻവർഷ പദ്ധതി വിഹിതത്തിൽ നിന്നും 97.87ലക്ഷം രൂപ വകയിരുത്തുകയും, തൻവർഷം പൂർത്തീകരിക്കാൻ കഴിയാതെ പോയ 37 പ്രോജക്ടുകളുടെ ചെലവ് തുക അടുത്ത വർഷത്തെ വിഹിതത്തിൽ നിന്നും ചെലവഴിക്കേണ്ടതായും വന്നിട്ടുണ്ട്. പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ഗുണഭോക്തൃസമിതി വഴിയുള്ള നിർമ്മാണപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല

ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. ഇത്തരം പ്രവൃത്തികളുടെ കൺവീനർമാർക്കെതിരെ ഏതെങ്കിലും നടപടികൾ സ്വീകരിക്കുന്നതായും കാണുന്നില്ല. യഥാർത്ഥ ചെലവ് രേഖകൾ ഹാജരാക്കാതെ തുക നല്കുക, എഗ്രിമെന്റ് വയ്ക്കാതിരിക്കുക തുടങ്ങിയ അപാകതകളും 2017-18 വർഷം സംഭവിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | അപാകതകൾ |
|---|---|
| 67/18, അങ്കണവാടി നം.146 പുനരുദ്ധാരണം | മസ്റ്റർ റോൾ ഉൾപ്പെടുത്തുന്നില്ല. നിർമ്മാണ സാമഗ്രികൾ വാങ്ങിയതിന്റെ ബില്ലുകൾ, വൗച്ചറുകൾ എന്നിവ ഫയലിലില്ല. ഗുണഭോക്തൃസമിതി വരവ് ചെലവ് കണക്കുകൾ അംഗീകരിച്ച് പാസ്സാക്കുന്നില്ല. പണമിടപാടുകൾക്ക് സംയുക്ത ബാങ്ക്അക്കൗണ്ട് തുറന്നതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. |
| 68/17-18 അങ്കണവാടി നം. 153 പുനരുദ്ധാരണം | |
| 88/18 അങ്കണവാടി നം.167 പുനരുദ്ധാരണം | |
| 65/18 അങ്കണവാടി നം156 പുനരുദ്ധാരണം | |

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തുന്ന പ്രോജക്റ്റുകൾ നടപ്പാക്കുന്നതിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ലായെന്ന് കാണുന്നു. ഗുണഭോക്താക്കൾ യോഗം ചേർന്ന് കൺവീനറെയും ചെയർമാനെയും തിരഞ്ഞെടുക്കുന്നത് വരെയുള്ള പ്രവർത്തനങ്ങൾ മാത്രമേ പല നിർമ്മാണ പ്രവൃത്തികളിലും നടപ്പാക്കി കാണുന്നുള്ളൂ. സമിതിയോഗം ചേർന്ന മിനിറ്റ്സ്, ചെലവ് രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുകയോ, കണക്കുകൾ സമിതി യോഗം ചേർന്ന് അംഗീകരിക്കുകയോ ചെയ്തിട്ടില്ല. മുദ്രപത്രത്തിൽ തയ്യാറാക്കിയ കരാറുകൾ പലതും അപൂർണ്ണമാണ്. സമയബന്ധിതമായി പ്രവൃത്തികൾ തീർപ്പാക്കുന്നതിൽ സമിതികൾ ശ്രദ്ധിച്ചിരുന്നില്ല. ഉദാഹരണമായി പ്രോജക്റ്റ് നം. 64/18 അങ്കണവാടി നം. 145 മെയിന്റനൻസ് എന്ന പ്രോജക്റ്റ് 2015-16 വർഷം ആരംഭിച്ച് കൺവീനറുമായി കരാർ (കരാർ നം66/AE/LSGD/KRCY/15-16 തീയതി 1-3-16) ഉറപ്പിച്ച പ്രോജക്റ്റാണ്. ടി പ്രോജക്റ്റിന്റെ പൂർത്തീകരണം 2015-16ലോ2016-17ലോ പൂർത്തീകരിച്ചിരുന്നില്ല. 2017-18 വർഷത്തിൽ മാത്രമാണ് ടി പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുള്ളത്. ഇത്രയും കാലവിളംബം ഉണ്ടായിട്ടും നിർവ്വഹണ ഉദ്യോഗസ്ഥനോ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളോ കൺവീനർക്കെതിരെ യാതൊരു നടപടികളും സ്വീകരിച്ചിരുന്നില്ല. നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥനും ബന്ധപ്പെട്ട വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതാണ്.

## 3-10 റോഡ് റീടാറിംഗ് പ്രവൃത്തികൾ -ബാരൽ വില ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിച്ചിട്ടുള്ള ബിറ്റുമിൻ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക പാക്ക്ഡ് ബിറ്റുമിന്റേതാണ്. ഈ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് ബാരൽ വില (238+18%GST) ബില്ലിൽ കുറച്ച ശേഷം കരാറുകാരന് തുക നൽകേണ്ടതായിരുന്നു. ഇതുചെയ്യാത്തതുമൂലം പഞ്ചായത്ത് വിവിധ വർക്കുകളിലെ കരാറുകാർക്ക് അധികം തുക നൽകുവാൻ ഇടയാവുകയും തൻമൂലം സർക്കാർ ഫണ്ട് അധികമായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്ക് ഉപയോഗിച്ച ബിറ്റുമിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം & പേര് | ഉപയോഗിച്ച ബിറ്റുമിൻ (in Kg) | | ഉപയോഗിച്ച ബാരലിന്റെ എണ്ണം | ബാരലിന്റെ വില (238+18%GST) |
|---|---|---|---|---|---|
| | | RS1 | S65 | | |
| 1 | 117/18 ആനമുക്ക് തടിപ്പള്ളി റോഡ് റീടാറിംഗ് (കരാറുകാരൻ-എൻ.സി.ഉതുപ്പൻ) | 167.04 | 1665.76 | 12 | 3370 (2856+514) |
| 2 | 152/18 ഗവ.എൽ.പി.സ്കൂൾ നീലം പേരൂർ പള്ളി റോഡ് റീ ടാറിംഗ് (കരാറുകാരൻ-പി.പി.ഫിലിപ്പ്) | 270.6 | 2754.615 | 20 | 5617 (4760+857) |
| 3 | 140/18 ചെറുവേലിപ്പടി കാരിക്കോട് വാല റോഡ് റീ ടാറിംഗ് (കരാറുകാരൻ-പി.പി.ഫിലിപ്പ്) | 277.189 | 2820.594 | 17 | 4774 (4046+728) |

ബിറ്റുമിൻ ബാരൽ വില കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24 ) ബാരൽ വില ഈടാക്കുന്നതാണെന്ന മറുപടി നല്കി. കുറവു വന്ന 13761/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-11 അങ്കണവാടി പുനരുദ്ധാരണം-ടാങ്കിലേക്ക് വാട്ടർകണക്ഷൻ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണം

150-ാം നമ്പർ അങ്കണവാടി പുനരുദ്ധാരണത്തിനായി 2,43,121/-രൂപ റോഡിതരമെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ച് പ്രവൃത്തികൾ നടത്തിയിരുന്നു. ട്രസ്സ് വർക്ക് ചെയ്ത് ഷീറ്റ് ഇടുക, പുതിയ ടോയ്‌ലറ്റ് നിർമ്മാണം, മുറ്റത്ത് പേവർബ്ലോക്ക് പാകൽ, സീലിങ്ങ് എന്നിവ പൂർത്തീകരിച്ചിരുന്നു. ടോയ്‌ലറ്റ് നിർമ്മാണം പൂർത്തിയാക്കുകയും വാട്ടർ ടാങ്ക്, പൈപ്പ് ഫിറ്റിങ്ങുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തിരുന്നു. എന്നാൽ 21-01-2019 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടന്ന സ്ഥലപരിശോധനയിൽ വാട്ടർ ടാങ്കിലേക്ക് വാട്ടർ കണക്ഷൻ നൽകിയിട്ടില്ലാത്തതിനാൽ അത് ഉപയോഗശൂന്യമായി കാണപ്പെട്ടു. അങ്കണവാടിയിലേക്ക് ആവശ്യമുള്ള വെള്ളത്തിനായി സമീപമുള്ള വീടുകളേയും അങ്കണവാടിയിൽ സ്ഥാപിച്ചിട്ടുള്ള ഹാൻഡ് പമ്പ് ബോർവെൽ സംവിധാനത്തെയുമാണ് ആശ്രയിക്കുന്നതെന്ന് വ്യക്തമായി. ജലദൗർലഭ്യം വളരെയധികം ബാധിക്കുന്ന അങ്കണവാടിക്ക് വാട്ടർകണക്ഷൻ നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

കൂടാതെ ഹാൾ റൂം സീലിങ്ങ് ചെയ്യുന്നതിനായി ഫാൻ കണക്ഷനുകൾ അഴിച്ചുമാറ്റിയിരുന്നുവെങ്കിലും നിർമ്മാണശേഷം കൺവീനർ ആയത് പുന:സ്ഥാപിച്ച് നൽകിയില്ലായെന്ന് പരിശോധനയിൽ വ്യക്തമായി. നിർമ്മാണ പ്രവർത്തനം നടത്തിയ കൺവീനറെക്കൊണ്ട് ഫാൻ കണക്ഷൻ പുന:സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 നെൽകൃഷി വികസനം-അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 31/18 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| വകയിരുത്തിയ തുക | 1295000(പദ്ധതി വിഹിതം) |
| ചെലവ് | 1295000 |

2017-18 വർഷം നെൽകൃഷി വികസനം എന്ന പ്രോജക്റ്റ് പ്രകാരം കുറിച്ചി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് 14,80,000/-രൂപ ചെലവഴിച്ച് നാഷണൽ സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റിയിൽ നിന്നും 37,000 കിലോ ഉമ നെൽവിത്ത് 40/- രൂപ നിരക്കിൽ വാങ്ങി ഗ്രാമപഞ്ചായത്തിലെ 16 പാടശേഖരസമിതികളിലെ കർഷകർക്കായി നൽകിയിട്ടുണ്ട്. കുറിച്ചി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് എൻ.എസ്.ഡി.എ. യിൽ നിന്നും നേരിട്ടുവാങ്ങി പാടശേഖരസമിതികൾക്ക് വിതരണം ചെയ്തതായാണ് ഫയലിൽ സൂചിപ്പിച്ചിട്ടുള്ളത്. 12,95,000/- രൂപ പദ്ധതി വിഹിതത്തിൽ നിന്നും സബ്സിഡിയായി നൽകി. എന്നാൽ എൻ.എസ്.ഡി.എ.യിൽ നിന്നും നെൽവിത്തു വാങ്ങിയതിന്റെ ഒറിജിനൽ ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കൂടാതെ പാടശേഖരസമിതികൾക്കു നൽകിയ 37,000 കിലോ നെൽവിത്ത് ഓരോ കർഷകനും വിതരണം ചെയ്തതിന്റെ അനുബന്ധരേഖകളും ലഭ്യമാക്കിയിട്ടില്ല. അനുബന്ധരേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 21.01.2019ൽ നൽകിയ 15-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയും ലഭ്യമാക്കിയില്ല. അനുബന്ധരേഖകളുടെ അഭാവത്തിൽ മേൽ പ്രോജക്റ്റിനായുള്ള 12,95,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 വീട് വാസയോഗ്യമാക്കൽ -പ്രോജക്റ്റ് നിർവഹണത്തിൽ അപാകത

2017-18 വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ (പ്രോജക്റ്റ് നം- 2/18, അടങ്കൽ - 2000000, ചെലവ്- 1599177 ) പ്രകാരം രമണി ,വേളൂത്തറ എന്ന ഗുണഭോക്താവിന് മൂന്ന് ഗഡുക്കളായി 77883/- രൂപ ( 25000 +32707 +20176 ) നൽകിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ പ്രകാരം വീട് വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കണമെന്നും എൽ.എസ്.ജി.ഡി. എഞ്ചിനീയർ പരിശോധിച്ച ശേഷമായിരിക്കണം സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടതെന്നും അവസാനഗഡു നൽകുന്നതിന് മുൻപ് പണി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് മൂല്യനിർണയം നടത്തുന്നതിന് അനുസരിച്ചായിരിക്കും സബ്സിഡി നിർണ്ണയിക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രോജക്റ്റിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക 60,300/- രൂപയാണ്. രണ്ട് ഗഡുക്കളായി 57,707/- രൂപ നൽകിയതിന് ശേഷം എസ്റ്റിമേറ്റില്ലാതെ , ഓവർസിയറുടെ വാലുവേഷന്റെയടിസ്ഥാനത്തിൽ 20,176/- രൂപ നൽകിയിട്ടുണ്ട്. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം.26/22.01.19 മറുടി ലഭ്യമാക്കിയില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും ഇപ്രകാരമുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്,

## 3-14 പ്രൊജക്ടർ വാങ്ങൽ - നടപടിക്രമങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2017-18 വർഷം മെഡിക്കൽ ഓഫീസർ, സി.എച്ച് .സി നിർവ്വഹണം നടത്തിയ പ്രോജക്ട് നം.104/18 പ്രകാരം 44,500/- രൂപയുടെ പ്രൊജക്ടർ വാങ്ങിയിരുന്നു. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും സപ്ലൈ ഓർഡർ നൽകിയതിന്റെയും വിതരണം ചെയ്ത സ്ഥാപനവുമായി കരാറിലേർപ്പെട്ടതിന്റെയും വിവരങ്ങൾ ഫയലിലില്ല. രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/21.01.19) രേഖകൾ പിന്നീട് ഹാജരാക്കുന്നതാണെന്ന് മെഡിക്കൽ ഓഫീസർ മറുപടി നൽകി. ആവശ്യമായ രേഖകളുടെ അഭാവത്തിൽ മേൽപ്രോജക്ടിനായി ചെലവഴിച്ച 44,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവുതുക തടസ്സപ്പെടുത്തുന്നു.

2017-18 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, വെറ്റിനറി സർജൻ എന്നീനിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ താഴെപറയുന്ന പദ്ധതികൾക്ക് ചെലവഴിച്ച തുകകളുടെ വിനിയോഗം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | തുക | ബിൽ നം./തീയതി | തുക കൈപ്പറ്റിയ സ്ഥാപനം/ഏജൻസി |
|---|---|---|---|---|---|
| 1. | 1/2018 | എസ്.എസ്.എ.വിഹിതം നൽകൽ | 6,89,486/- | 17080452003900306760/ 28.07.17 | പ്രോജക്ട് ഓഫീസർ, എസ്.എസ്.എ. കോട്ടയം |
| 2. | 113/2018 | കന്നുകുട്ടി പരിപാലന പദ്ധതി | 5,00,000/- | 17080452003900306760/ 31.03.18 | അസിസ്റ്റന്റ് ഡയറക്ടർ, കാഫ്ഫീഡ് സബ്സിഡി, കോട്ടയം |
| | ആകെ | | 11,89,486 | | |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 11,89,486/- (6,89,486+5,00,000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി. |
|---|---|---|---|---|---|
| പള്ളം ബ്ലോക്ക് പഞ്ചായത്ത് | 14/02/18 | 200000 | പാലിന് സബ്സിഡി | 200000 | 0 |
| പള്ളം പഞ്ചായത്ത്,കോട്ടയം | 09/12/18 | 1850000 | നെൽകൃഷി വികസനം | 1823460 | 26540 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

## 4-3. മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ/വായ്പ തിരിച്ചടവ് ഇനങ്ങളിൽ വരവ് ചെലവുകളില്ല.

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 41,14,328 |
| തൻവർഷം നിക്ഷേപിച്ച തുക | 2,62,325 |
| ആകെ | 43,76,653 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിയ്ക്കുന്ന സ്ഥിരനിക്ഷേപം | 43,76,653 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം ,തീയതി |
|---|---|---|---|---|
| 2015-16 | 3-5 | 3113 | എം.സി ഉത്തമൻ, നൈശ്ശേരിൽ, കുറിച്ചി | 117010103706/25-9-17 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 2-5 | 2006-07 | 3-33-1 | നാളികേരം അടിസ്ഥാനമാക്കി ചെറുകിട വ്യവസായം- തുക വകമാറ്റി ചെലവഴിച്ചു -1.2 ലക്ഷം പാഴായി | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 1999-00 | 2(എ) | 2002-03 | 5-10(1) | രസീത് മുഖേന പിരിച്ച തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വരുത്തിയില്ല | |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## **4-9** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 12,75,35,987.08 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 8,76,03,683 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 6,100 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 13,761 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 28,18,554 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | 6,100 | | ശ്രീമതി സുപ്രഭ എസ്., സെക്രട്ടറി |
| 3-10 | | 13,761 | ശ്രീമതി ദീപ ഡി.റ്റി., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 6,100 | 13,761 | |

ബി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 57,000 | ശ്രീമതി സുപ്രഭ എസ്., സെക്രട്ടറി |
| 3-2 | 59,236 | ശ്രീ. എബ്രഹാം മാത്യു, സെക്രട്ടറി |
| 3-3 | 1,73,332 | ശ്രീ. എബ്രഹാം മാത്യു, സെക്രട്ടറി |
| 3-12 | 12,95,000 | ശ്രീ.പ്രസന്നകുമാർ.ആർ, കൃഷി ഓഫീസർ |
| 3-14 | 44,500 | രശ്മി.ജി, മെഡിക്കൽ ഓഫീസർ(സിഎച്ച്സി) |
| 3-15-1 | 6,89,486 | ശ്രീ. എബ്രഹാം മാത്യു, സെക്രട്ടറി |
| 3-15-2 | 5,00,000 | ശ്രീ.ജിജേഷ് കുമാർ, വെറ്ററിനറി സർജൻ |
| ആകെ | 28,18,554 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സുപ്രഭ.എസ്, സെക്രട്ടറി | സെക്രട്ടറി, കുറിച്ചി ഗ്രാമപഞ്ചായത്ത് | ബൈജു ഭവൻ മൈലാമറ്റം, വാഴപ്പള്ളി |
| ശ്രീമതി. ദീപ.ഡി.റ്റി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ കുറിച്ചി ഗ്രാമപഞ്ചായത്ത് | കൊടൻവിള വീട്, പുത്തൻകോട് മനമ്പൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1.04.1997 to 30.4.1998 ജനകായാസൂത്രണം | എൽ.എഫ്.കെ.പി.8-484/00/8.12.2000 | |
| 1998-99(ചെലവ്) | എൽ.എഫ്.കെ.പി.11/331/14(1)/7.6.14 | 17 |
| 1998-99(വരവ്) | എൽ.എഫ്.കെ.പി.11/330/14/31.05.14 | 1 |
| 1999-2000(ചെലവ്) | എൽ.എഫ്.കെ.പി.12/അദാലത്ത്/2018/191/18/ 21.2.18 | 17 |
| 1999-2000(വരവ്) | എൽ.എഫ്.കെ.പി.8/1653/07/05.12.08 | 05 |
| 2000-01, 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.കെ.പി.11/331/14(5)/6.6.14 | 18 |
| 2000-01 | എൽ.എഫ്.കെ.പി.11/331/14(3)/4.6.14 | 02 |
| 2001-02 | എൽ.എഫ്.കെ.പി.11/331/14(4)/4.06.14 | 04 |
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി.11/242/14/8.04.14 | 18 |
| 2002-03(വരവ്) | എൽ.എഫ്.കെ.പി.11/190/11അദാ.1-14/22.02.11 | 03 |
| 2003-04(ചെലവ്) | എൽ.എഫ്.കെ.പി.11-242/14/14.03.14 | 07 |
| 2003-04(വരവ്) | എൽ.എഫ്.കെ.പി.11-242/14/14.03.14 | 01 |
| 2004-05ചെലവ്) | എൽ.എഫ്.കെ.പി.11-242/14/14.03.14 | 17 |
| 2004-05(വരവ്) | എൽ.എഫ്.കെ.പി.11-242/14/14.03.14 | 03 |
| 2005-06 | എൽ.എഫ്.കെ.പി..11-242/14/8.04.14 | 08 |
| 2006-07 | എൽ.എഫ്.കെ.പി.11-242/14/15.03.14 | 24 |
| 2007-08 | എൽ.എഫ്.കെ.പി.11-57/14/15.12.15 | 14 |
| 2008-09 | എൽ.എഫ്.കെ.പി.11-242/15/14.03.14 | 18 |
| 2009-10, 2010-11 | എൽ.എഫ്.കെ.പി.11-1032/13/03.01.14 | 18 |
| 2011-12 | എൽ.എഫ്.കെ.പി.11-1786/13 .01.14 | 12 |
| 2012-13 | എൽ.എഫ്.കെ.പി.11-440/15/10.06.15 | 23 |
| 2013-14 | എൽ.എഫ്.കെ.പി.11-1254/16/22.08.16 | 14 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി12/1485/17/22.12.17 | 22 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി12/9/17/21.03.18 | 31 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി12-1994/2017 dt.09.03.18 | 32 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ഉൾപ്പെടെ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.ടി.എം.പി.12/76/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 15.02.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം